കേരള സർക്കാർ

നവ കേരളം കർമപദ്ധതി

# പ്രതിമാസ റിപ്പോർട്ട്

(നവംബർ 2023)

# ഉള്ളടക്കം


| | |
|---|---|
| **ഹരിത കേരളം മിഷൻ** | 7 |
| **ലൈഫ് മിഷൻ** | 27 |
| **വിദ്യാകിരണം** | 29 |
| **ആർദ്രം മിഷൻ** | 30 |
| **മോണിറ്ററിങ് & ഇവാല്യുവേഷൻ** | 36 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| ജലസംരക്ഷണം പ്രവർത്തനങ്ങൾ | 2023 ഒക്ടോബർ വരെ | 2023 നവംബർ | ആകെ |
|---|---|---|---|
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | 207 | 0 | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 18315 | 1753 | 20068 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ കിലോമീറ്ററിൽ | 26119.14 | 643.035 | 26762.175 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 2692 | 73 | 2765 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4282 | 79 | 4361 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 7362 | 170 | 7532 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 14632 | 295 | 14927 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 441 | 5 | 446 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 45169 | 1032 | 46201 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ | | | 353 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ | | | 125 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 204 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | | | 175.9 |
| നീർച്ചാൽ പാർശ്വഭിത്തി സംരക്ഷണ കയർ ഭൂവസ്ത്രം (sqmtr) | | | 3686849 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറി റീച്ചാർജുകളുടെ എണ്ണം | | | 2 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2762 | 114 | 2876 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 825 | 14 | 839 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകളുടെ എണ്ണം | | | 1888 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 59 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 65 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 76 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 7943 |
| ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചത് (നവംബർ വരെ) | | | 2151 |

| | | | |
|---|---|---|---|
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | **35,047** | **304** | **35,351** |
| ഹരിത കർമ്മ സേനയുടെ യൂസർഫീ കളക്ഷൻ (നവംബർ) (കോടി) | | | **29.74** |
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (2023 നവംബർ മാസം) (ലക്ഷത്തിൽ) | | | **77.09** |
| സംസ്ഥാനത്തു ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) | | | **7.1** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ)(നവംബർ മാസം) | | | **974.918** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ)(നവംബർ മാസം) | | | **1825.332** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ ഇ-മാലിന്യം (ടൺ)(നവംബർ മാസം) | | | **10.806** |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം (2023 നവംബർ )(കോടി) | | | **29.74** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCFകളുടെ എണ്ണം | | | **1313** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCFകളുടെ എണ്ണം | | | **16465** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | | | **138** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | | | **653** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | | | **73.8** |
| മാലിന്യം മുക്തം നവകേരളം കാമ്പയിനിൽ വൃത്തിയാക്കിയിട്ടുള്ള സ്പോട്ടുകൾ - എണ്ണം | | | **5616** |
| നെറ്റ് സീറോ പ്രവർത്തനങ്ങൾ നടക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | | | **85** |

# പ്രവർത്തന റിപ്പോർട്ട് 2023 നവംബർ

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2023 നവംബർ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനു പ്രാദേശിക തലത്തിൽ വരുമാന വർധനവിനു സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1) നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 85 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2211 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷ സ്ഥമതാ സ്ഥാപനം | 85 |
| മാതൃകാ നെറ്റ് സീറോ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമത സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് repair and maintenance പരിശീലനം. | 109 |
| അധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകൾ വീതം ആകെ 84 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശില്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശില്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- ❖ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലെ 84 സ്കൂളുകളെ മാതൃകാ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനം നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു.
- ❖ കണ്ണൂർ ജില്ലയിൽ 5 ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ 3 മാസങ്ങളിലായി 938 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചതിൽ 19717 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

- ❖ നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിനു വേഗത കൂട്ടാൻ കണ്ണൂർ ജില്ലയിൽ ഹരിതകേരള മിഷൻ ഓർമ്മമരം കാമ്പയിൻ ആവിഷ്കരിച്ചു. ജില്ലയിൽ 35 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 424 ഓർമ മരങ്ങൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ നെറ്റ് സീറോ പ്രവർത്തനങ്ങളുടെ ഭാഗമായി 100 വീടുകളെ ഹരിത ഭവനങ്ങളായി ബഹു: MLA പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ 7 ജനപ്രതിനിധികളുടെ വീടും, ഹരിത കേരളം RP യുടെ വീടും, 11 ഹരിത കർമ്മ സേന അംഗങ്ങളുടെ വീടുകൾ ഉൾപ്പെടെ 100 ഹരിത വീടുകളുടെ പ്രഖ്യാപനം നടന്നു നടന്നത്.
- ❖ മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ ഹരിത കേരളം മിഷന്റെയും തിരൂർ മലയാളം സർവ്വകലാശാലയുടെയും സഹകരണത്തോടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി.
- ❖ എറണാകുളം ജില്ലയിലെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാമ്പയിൻ നടക്കുന്ന 4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 103 പദ്ധതികൾ ഡി പി സി യിൽ സമർപ്പിച്ചിട്ടുണ്ട്.
- ❖ തൃശ്ശൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പ്രവർത്തങ്ങളുടെ ഭാഗമായി അവണൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ 130 വംശനാശ ഭീഷണി നേരിടുന്ന വൃക്ഷതൈകൾ നട്ടു പിടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ സ്കൂളുകളിൽ ബോധവൽകരണ ക്ലാസുകൾ നടത്തുന്നതിനായി 7 ഗ്രാമ പഞ്ചായത്തിൽ നിന്നും 18 അധ്യാപകർ, 14 റിസോഴ്സ് പേഴ്സൺമാർ, റിപ്പയർ & മെയിന്റനനസ് സെന്ററിലേക്ക് 10 പേർ എന്നിങ്ങനെ തിരഞ്ഞെടുത്തിട്ടുണ്ട്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ നവംബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 61 | 223 | 260 | 86 | 569 | 0 | 0 | 36 | 572 | 80 | 246 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | |
| 7 | 44 | 47 | 21 | 112 | 0 | 0 | 0 | 0 | 26 | 9 |

## 2) ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും കോഴിക്കോട് ജില്ലയിലെ രണ്ട് ബ്ലോക്കിലും പെട്ട 94 ഗ്രാമ പഞ്ചായത്തുകളിൽ ആദ്യമായി ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 259 ഗ്രാമ പഞ്ചായത്തുകളിൽ, 31 ഗ്രാമ പഞ്ചായത്തുകളിൽ ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ നവംബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 175 | 379 | 535 | 275 | 1189 | 13 | 834 | 5 | 51 | 198 | 413 |

2.1) ജലബജറ്റ് പ്രവർത്തനപുരോഗതി - 259 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡിസംബർ 31നു ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 38 ശതമാനം ഗ്രാമ പഞ്ചായത്തുകളിലും ജല ബജറ്റ് (ആകെ 353 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. റിപ്പോർട്ട് മാസത്തിൽ 71 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് ഉൾപ്പെടെ 167 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതു വരെ വിവരശേഖരണം പൂർത്തീകരിച്ചു. നവംബർ മാസത്തിൽ 9 ഗ്രാമപഞ്ചായത്തുകളിൽ കൂടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. നിലവിൽ 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാലയളവിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിലെ കൊട്ടാരക്കര നിയോജക മണ്ഡലം എം.എൽ.എയുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളും, കൊട്ടാരക്കര മുൻസിപ്പാലിറ്റിയും കൂടി ജലബഡ്ജറ്റിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ ജലബജറ്റ് ഏറ്റെടുത്ത മുഖത്തല ബ്ലോക്കിലെ 5 പഞ്ചായത്തുകളിൽ കേരള പിറവി ദിനമായ നവംബർ 1-ന് ഒരു നീർച്ചാൽ ശൃംഖലയുടെ വീണ്ടെടുക്കൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിസംബർ 5 –ഓട് കൂടി മറ്റ് ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തനം ആരംഭിക്കും.
- ❖ എറണാകുളം ജില്ലയുടെ നെല്ലറ എന്നറിയപ്പെട്ടിരുന്ന തോട്ടറ പുഞ്ച കുറച്ചു വർഷമായി വെള്ളക്കെട്ടു മൂലം കൃഷി ചെയ്യുവാൻ സാധിക്കാതെ കർഷകർ ദുരിതത്തിലായിരുന്നു. ആമ്പല്ലൂർ, എടക്കാട്ടുവയൽ എന്നീ പഞ്ചായത്തുകളിലായി 800 ഏക്കർ തരിശു നിലമാണ് ഉള്ളത്. ഹരിത കേരള മിഷൻ തയ്യാറാക്കിയ ജല ബജറ്റ് തുടർപ്രവർത്തനം എന്ന നിലയിൽ തോട്ടറ പുഞ്ച കൃഷി യോഗ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു.
- ❖ എറണാകുളം ജില്ലയിലെ ജല ബജറ്റ് പൂർത്തിയാക്കിയ മുളന്തുരുത്തി ബ്ലോക്കിൽ ജല ബജറ്റ് തുടർ പ്രവർത്തനം എന്ന നിലയിൽ 2.9 കി.മീ നീർച്ചാലുകളുടെ പുനരുജ്ജീവനം സാധ്യമാക്കി. ഭൂജല വകുപ്പുമായി ചേർന്ന് 23 കിണറുകൾ ബ്ലോക്കിൽ റീചാർജ് ചെയ്തു.
- ❖ വടകര നഗരസഭയുടെ ജലബജറ്റ് പ്രകാശനം ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ.എ.കെ ശശീന്ദ്രൻ നിർവ്വഹിച്ചു. ജലബജറ്റ് പ്രകാശനം ചെയ്യുന്ന ആദ്യത്തെ നഗരസഭയായി വടകര നഗരസഭ. ജലബജറ്റിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിലും വാർഡുകളിലും ജലസാക്ഷരത ക്യാമ്പയിനുകൾ, ജലസംരക്ഷണ മേഖലയിലെ പുതിയ ആശയങ്ങൾ സമൂഹത്തിലേക്ക് പ്രചരിപ്പിക്കുവാൻ സ്കൂളുകളിൽ ജലബ്രിഗേഡിയർ, പ്രാദേശികതലത്തിൽ ജനപങ്കാളിത്തത്തോടെ കൂടി പ്രവർത്തനങ്ങൾ എന്നിവ നടന്നു വരുന്നു.
- ❖ ജലബജറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി മുൻസിപ്പാലിറ്റിയിലെ ആവി തോട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള നടപടി നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിർച്ചാൽ നടത്തവും നടത്തി. തോടിലെ മാലിന്യം നീക്കുന്നതിന് പദ്ധതി വകയിരുത്തി. മാലിന്യം നീക്കിയതിനു ശേഷം നവീകരണ പ്രവർത്തനം ആരംഭിക്കും.
- ❖ കണ്ണൂർ ജില്ലയിലെ ധർമടം മണ്ഡലത്തിലെ മുഴവൻ പഞ്ചായത്തിലും ജലബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് 2023 നവംബർ 25 ന് യോഗം ചേരുകയും മണ്ഡലത്തിൽ വിപുലമായ നീർത്തടാധിഷ്ഠിത ജല സംരക്ഷണ പദ്ധതി നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

| പുരോഗതി - നവംബർ | | | |
|---|---|---|---|
| രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ | പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | വിവര ശേഖരണം പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | റിപ്പോർട്ട് പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം |
| **259** | **234** | **167** | **31** |

### 2.2) ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. മഴ കുറഞ്ഞ വർഷമായതിനാൽ ജലബജറ്റിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. കൃഷി വകുപ്പിന്റെ ഭാഗമായി മൾചിംഗ്, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായിട്ടുള്ള കിണർ റീച്ചാർജ്ജിംഗ്, നീരുറവ് പദ്ധതിയുടെ ഭാഗമായിട്ടുള്ള കുളങ്ങളുടെ നിർമ്മാണം, കിണർ റീച്ചാർജ്ജിംഗ് എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വരൾച്ച മുൻകൂട്ടി കണ്ട് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

## 3) നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

- ❖ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും നീരുറവ് ബ്ലോക്കുതല ടെക്നിക്കൽ കമ്മിറ്റി യോഗങ്ങൾ ഒക്ടോബർ മാസത്തിൽ പൂർത്തിയായിട്ടുണ്ട്.
- ❖ നീരുറവ് പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ കരട് മാസ്റ്റർ പ്ലാൻ കുറ്റമറ്റതാക്കുവാനും, ജല ബജറ്റ്, മാപത്തോൺ എന്നിവയുടെ ഫീൽഡ് തല കണ്ടെത്തലുകൾ കൂടി സംയോജിപ്പിച്ച് മാസ്റ്റർപ്ലാൻ പരിഷ്കരിക്കുന്നതിനും, നടത്തേണ്ട പ്രവർത്തനങ്ങൾ മുൻഗണന അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്.
- ❖ ഒരോ ബ്ലോക്കിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തിനെ പൈലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് നീരുറവ് മാതൃകാ പ്രവർത്തനം നവംബർ മാസത്തിൽ നടത്തിയിട്ടുണ്ട്.
- ❖ നീരുറവ് വാട്ടർ ബഡ്ജറ്റ് പഞ്ചായത്ത് തല സാങ്കേതിക സമിതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടന്നു.
- ❖ നിലവിൽ തയാറാക്കിയ DPR ൽ ഉൾപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങളും, അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഭൂപ്രകൃതിയ്ക്ക് അനുസരിച്ച് ഓരോ വിഭാഗത്തിൽ നിന്നും ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങളും ലിസ്റ്റ് ചെയ്തിട്ടുണ്ട്.
- ❖ ജില്ലാ തല സാങ്കേതിക സമിതിയുടെ ഒരു കോർ ടീം ആഴ്ചയിൽ ഒരിക്കൽ പ്രവർത്തനങ്ങളുടെ അവലോകനം ചെയുന്നതാണ്. വരൾച്ച മുൻകൂട്ടി കണ്ട് ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ത്വരിതമായി നടന്നുവരുന്നുണ്ട്. നീർച്ചാൽ പുനരുജ്ജീവനം, കിണർ റീച്ചാർജ്ജിങ്, മഴ വെള്ള സംഭരണം എന്നീ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.
- ❖ തിരുവനന്തപുരം ജില്ലയിലെ ജലശക്തി അഭിയാൻ പ്രവർത്തനങ്ങൾ വിലയിരുത്താൻ വേണ്ടി എത്തിയ കേന്ദ്ര സംഘം വിവിധ ജല സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് കാണുകയും ജില്ലാ തല ഉദ്യോഗസ്ഥരുമായി സംവദിക്കുകയും ചെയ്തു. PPAC (CNO)യുടെ ഡയറക്ടർ ജനറലായ

പി.മനോജ് കുമാർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിലെ ശാസ്ത്രജ്ഞനായ ഡോ.ആദിത്യ ശർമ്മ എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

- പുഴ പുനർജീവന പദ്ധതികളുടെ ഭാഗമായി കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ "ഒഴുകും ഞാൻ ഉയിരോടെ" പദ്ധതിയുടെ പദ്ധതി രേഖയും പുരോഗതിയും വിലയിരുത്തുകയും ചെയ്ത സംഘം, തിരുവനന്തപുരം ജില്ലയിൽ ആദ്യമായി ജലബഡ്ജെറ്റ് നടപ്പിലാക്കിയ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നീർത്തട പദ്ധതികളിലൂടെ ശാസ്ത്രീയമായി മണ്ണ് ജല സംരക്ഷണം നടത്തുന്നതിനെ അഭിനന്ദിച്ചു. നഗരൂർ ഗ്രാമ പഞ്ചായത്തിൽ നവ കേരളം കർമ്മ പദ്ധതി യുടെ ഭാഗമായി ഹരിത കേരളം മിഷൻ നടത്തിയ ജല സദസ്സിൽ പങ്കെടുത്ത സംഘം, ജലബഡ്ജറ്റ് ചർച്ച ചെയ്തു. തൊഴിലുറപ്പ് പദ്ധതിയിലൂടെ മഴവെള്ള ശേഖരണ പ്രവർത്തികൾക്ക് ഊന്നൽ നൽകി നടത്തുന്ന പ്രവർത്തനങ്ങളും, സ്കൂളുകൾ ഉൾപ്പെടെ ഉള്ള സ്ഥാപനങ്ങളിൽ ഭൂജല വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളും മാതൃകാപരമാണെന്നും അഭിപ്രായപ്പെട്ടു. പഞ്ചായത്ത് പ്രസിഡൻറ്, മറ്റ് ജന പ്രതിനിധികൾ, തൊഴിലുറപ്പ് എ ഇ എന്നിവരുമായി ആശയവിനിമയം നടത്തുകയും, ഫാം പോണ്ട് സന്ദർശിക്കുകയും മാതൃകാപരമായ സംയോജന പദ്ധതികളെ അനുമോദിക്കുകയും ചെയ്തു.
- കോട്ടയം ജില്ലയിൽ നീരുറവ് പദ്ധതി യുടെ ജില്ലാ തല ഉദ്ഘാടനം തിടനാട് പഞ്ചായത്തിലെ മൈലാടി തോട് പുനർജീവനവുമായി ബന്ധപ്പെട്ട് MLA സെബാസ്റ്റ്യൻ കുളത്തുങ്കൽ നടത്തി.
- കോട്ടയം ജില്ലയിൽ കടുത്തുരുത്തി പഞ്ചായത്തിലെ അലരി തോട് നീരുറവ് പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ നടത്തി.
- ഇടുക്കി ജില്ലയിൽ ജലബജറ്റ്-നീരുറവ് പദ്ധതിക്ക് വാഴത്തോപ്പ് മണിയാറൻകുടിയിൽ നവംബർ ഒന്നിന് തുടക്കമായി. പദ്ധതിയിലൂടെ കാടുകയറി മറഞ്ഞു പോയ മണിയാറൻകുടി തോട് മണ്ണൊലിപ്പ് തടഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ 7500 മീറ്റർ ദൂരത്തിൽ കയറുഭൂവസ്ത്രം വിരിച്ചുള്ള സംരക്ഷണ പ്രവർത്തനമാണ് നടപ്പിലാക്കുന്നത്.
- ഇടുക്കി ജില്ലയിൽ വിവിധ പഞ്ചായത്തുകളിൽ ഹൈഡ്രോജിയോളജിസ്റ്റിന്റെ നേതൃത്വത്തിൽ നീർത്തടത്തിൽ നിർമ്മിച്ചിട്ടുള്ള മഴകുഴികൾ, കിണർ/കുഴൽ കിണർ റീചാർജ് എന്നിവയുടെ അവസ്ഥവിശകലനവും സാധ്യതകളും പരിശോധിച്ചു. പ്രദേശത്തിന്റെ ഭൂപ്രകൃതി മനസിലാക്കാതെയും മണ്ണിന്റെ ഘടന മനസിലാക്കാതെയും, സോയിൽ പൈപ്പിങ് പോലുള്ള മേഖലകളിലും, സാങ്കേതിക സഹായം ഇല്ലാതെ നിർമിക്കുന്ന ഇത്തരം റീചാർജിങ്, പടുതകുളം നിർമ്മാണം പ്രവർത്തികൾ വലിയ ദുരന്തങ്ങളിലേക്ക് എത്തിക്കുന്നതായി വിലയിരുത്തി, റീചാർജിങ് പ്രവർത്തികൾ ചെയ്യുമ്പോൾ കൃത്യമായ സാങ്കേതിക സഹായം ഉറപ്പാക്കി മാത്രം ചെയ്യുന്ന പ്രവർത്തനങ്ങൾ ആരംഭിക്കും.
- ഇടുക്കി ജില്ലയിൽ നീരുറവ് - ജല ബജറ്റ് ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഇറിഗേഷൻ ഹൈഡ്രോളജി വിഭാഗത്തിന്റെ സാങ്കേതിക പിന്തുണയോടെ നീർച്ചാലിന് കുറുകെ ഒന്നര അടി ഉയരത്തിൽ നിർമ്മിച്ചിരിക്കുന്ന അഞ്ച് ചെറിയ താൽക്കാലിക ബണ്ടുകളുടെ നിർമാണം പുരോഗമിക്കുന്നു. അൻപതോളം കുടുംബങ്ങൾക്ക് കുടിവെള്ളം സാധ്യമാകുന്ന വിധം കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം.
- എറണാകുളം ജില്ലയിൽ നീരുറവ് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ജില്ലാതല ശില്പശാല നവംബർ 24 ന ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു.
- തൃശ്ശൂർ ജില്ലയിൽ ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ 61 നീർച്ചലുകളുടെ പുനർജീവനം നടന്നു.
- വയനാട് ജില്ലയിൽ കബനിക്കായ് വയനാട്, നീരുറവ് ക്യാമ്പയിനുകളുടെ ഭാഗമായി നടത്തുന്ന നീർച്ചാൽ പുനരുജ്ജീവനം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം എടവക ഗ്രാമപഞ്ചായത്തിലെ ചെറുവയൽ തോട് നവീകരണം നടത്തിക്കൊണ്ട് നവംമ്പർ 3-ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഉദ്ഘാടനം ചെയ്തു.

❖ കാസർഗോഡ് ജില്ലയിൽ നീരുറവ് - നീർത്തട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നീർത്തട യോഗങ്ങൾ, നീരുറവകൾ മാപിൽ പരിശോധന, ഓരോ നീർത്തടത്തിലും പ്രവൃത്തികൾ എഐ യുമായി അവലോകനം, Ridge to valley സമീപനം, പരമാവധി തടയണകൾ നിർമ്മാണം, ചിറകൾ കെട്ടി ജല സംഭരണം - ജൈവ തടയണ, ചിറകൾ സന്നദ്ധമായി നിർമ്മാണം. തൊഴിലുറപ്പിലുള്ള എല്ലാ പ്രവൃത്തികളിലും ജലസംരക്ഷണത്തിനു പ്രാധാന്യം കൊടുത്തു കൊണ്ടുള്ള സമീപനം എന്നിവ നടന്നു വരുന്നു.

| നീരുറവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നവംബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **363** | **1037** | **1751** | **1584** | **4372** | **33** | **1307** | **4** | **71** | **299** | **5025** |

### 3.1) നീരുറവ്-ജലബജറ്റ് പ്രവർത്തനങ്ങൾ അവലോകനം

ഹരിതകേരളം മിഷനും MNREGS മിഷനും സംയുക്തമായി ജില്ലാതലത്തിലുള്ള നീരുറവ്-ജലബജറ്റ് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. മാസ്റ്റർപ്ലാൻ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകളും പരിഹരിച്ചു. ഗ്രാമപഞ്ചായത്തുകളിൽ ഡി.പി.ആർ. പൂർത്തിയാക്കുന്നതിനും, ബ്ലോക്കുതലത്തിൽ സാങ്കേതിക സമിതി വിളിച്ചുചേർക്കുന്നതിനും തീരുമാനിച്ചു. വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും, സ്വകാര്യ ഭൂമിയിലുള്ള പ്രവർത്തനങ്ങളേക്കാൾ മുൻഗണന പൊതുഭൂമിയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നിർദേശം നൽകി. ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് സാങ്കേതിക വിദഗ്ധർ കൃത്യമായി പരിശോധിക്കേണ്ടതും, പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുവാൻ Baseline data ഡി.പി.ആറിൽ ഉൾപ്പെടുത്തുവാനും നിർദേശം നല്കിയിട്ടുണ്ട്.

ചരിവ് കൂടിയ പ്രദേശങ്ങളിലെ മഴക്കുഴി നിർമ്മാണം, കിണർ റീചാർജ്ജിംഗ് പോലുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ സാങ്കേതിക കൃത്യത പരിശോധനയ്ക്കു ശേഷം മാത്രം ഏറ്റെടുക്കുന്നതിനും തീരുമാനിച്ചു. പദ്ധതികളുടെ സമയക്രമം നിശ്ചയിയിക്കുകയും അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിനും നിർദേശം നല്കിയിട്ടുണ്ട്. കൃഷിവകുപ്പുമായി സംയോജിപ്പിക്കാവുന്ന പ്രവർത്തനങ്ങളുടെ സാധ്യതയും പ്രവർത്തനങ്ങളിൽ തദ്ദേശീയരുടെ അഭിപ്രായവും പരിഗണിക്കുവാനും നിർദേശം നല്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സാങ്കേതിക സമിതിയും, ബ്ളോക്ക് തല സാങ്കേതിക സമിതിയും നീർത്തട മാസ്റ്റർ പ്ളാനിന്റെ സാങ്കേതിക പരിശോധനയും, പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കലും നടത്തി അംഗീകാരം നൽകേണ്ടതാണ് . ജില്ലാ - ബ്ളോക്ക് - ഗ്രാമപഞ്ചായത്ത് തലങ്ങളിലെ സാങ്കേതിക സമിതികൾ നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ വിളിച്ച് ചേർക്കുവാൻ നിർദേശം നല്കിയിട്ടുണ്ട്. ബ്ളോക്ക്-ഗ്രാമപഞ്ചായത്ത് സാങ്കേതിക സമിതികളിൽ ചുമതലയുള്ള ഹരിതകേരളം മിഷൻ റിസോർസ് പേർസൺ പങ്കെടുക്കുവാൻ നിർദേശം നല്കിയിട്ടുണ്ട്.

## 4) സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപിംഗ് "മാപത്തോൺ" നടന്നു വരുന്നു.

RKI യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്. ഉപഗ്രഹ

ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്.

ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിലെ, 204 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപ്പിംഗ് ജോലികൾ തീർക്കുവാനുള്ളത് ഇടുക്കി ജില്ലയിൽ താരതമ്യേന റോഡുകൾ തീരെ ഇല്ലാത്ത പ്രദേശവും, ചെങ്കുത്തായ മലനിരകളും, എസ്റ്റേറ്റ് മേഖലയും ആയതിനാൽ ഫീൽഡ് പ്രവർത്തനം ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും റിപ്പോർട്ട് മാസം അഴുത ബ്ലോക്കിലെ പീരുമേട്, വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് മാപ്പിങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

### 4.1) മാപത്തോൺ പ്രവർത്തനപുരോഗതി - നവംബർ 2023

മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ പ്രവർത്തനങ്ങളായ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനുവേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ അഞ്ചു ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്.

- കൊല്ലം ജില്ലയിൽ മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ നവംബർ മാസം 20.3 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 143.3 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- എറണാകുളം ജില്ലയിൽ മാപത്തോൺ പ്രവർത്തനങ്ങളുടെ ജില്ലാതല അവതരണം കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടന്നു. മാപ്പിംഗ് നടത്തിയ പഞ്ചായത്തുകളിലെ പ്രശ്ന ബാധിത തോടുകളുടെ റീ വിസിറ്റിങ്ങ് നടത്തി വരുന്നു. 14.1 KM നീർച്ചാൽ പുനരുജ്ജീവനം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നടത്തിയിട്ടുണ്ട്
- വയനാട് ജില്ലയിൽ നീരുറവ് - കബനിക്കായ് വയനാട് - സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിനിന്റെ ഭാഗമായുള്ള നീർച്ചാൽ പുനരുജ്ജീവനം നടന്നു. മാപത്തോൺ പ്രവർത്തനത്തിലൂടെ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ മാപിൽ അടയാളപ്പെടുത്തിയ കോട്ടത്തറ ചെറുകണകുന്ന് തോട് ആണ് പുനരുജ്ജീവനത്തിനായി തിരഞ്ഞെടുത്തത്.

| മാപത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി - നവംബർ | | | |
|---|---|---|---|---|
| | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ച തോട് / നീർച്ചാലിന്റെ നീളം (കിമീ) |
| 230 | 204 | 165 | 44 | 175.9 |

കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ 6 ജില്ലകളിൽ ഉൾപ്പെട്ട 44 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ അടുത്ത ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

| മാപത്തോൺ<br>നവംബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 12 | 93 | 67 | 103 | 263 | 1 | 58 | 1 | 10 | 51 | 55 |

### 5) പച്ചത്തുരുത്തുകൾ

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി നവംബർ മാസത്തിൽ 14 ഏക്കർ സ്ഥലത്തു 114 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതു ഉൾപ്പെടെ 2019 ജൂൺ മാസം മുതൽ ഇതുവരെ 839 ഏക്കർ സ്ഥലത്ത് 2876 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

- ❖ കാസർഗോഡ് ജില്ലയിൽ 12.93 ഏക്കർ ആകെ വിസ്തൃതിയിൽ 98 പുതിയ പച്ചത്തുരുത്തുകൾ തുടങ്ങിയിട്ടുള്ളതാണ് നവംബർ മാസത്തിലെ ശ്രദ്ധേയമായ പ്രവർത്തനം.

| പച്ചത്തുരുത്തുകൾ | ഒക്ടോബർ മാസം വരെ | നവംബർ മാസം | ആകെ |
|---|---|---|---|
| എണ്ണം | 2762 | 114 | 2876 |
| വിസ്തൃതി (ഏക്കർ) | 825 | 14 | 839 |

178 പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി അവസ്ഥ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 39 ഇടങ്ങളിലായി 980 പുതു തൈകൾ നട്ടിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 46 പച്ചത്തുരുത്തുകളിൽ ജൈവവേലി സ്ഥാപിച്ചിട്ടുള്ളതായും 59 പച്ചത്തുരുത്തുകളിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- ❖ തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്ത് കണ്ടവിള വില്ലേജ് ഓഫീസിൽ 30 സെന്റ് സ്ഥലത്തെ പച്ചത്തുരുത്ത് പഞ്ചായത്ത് പ്രസിഡന്റ് നെല്ലിത്തൈ നട്ട് ഉദ്ഘാടനം ചെയ്തു.
- ❖ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സദനം പാഠശാലയിൽ ഭൂമിക പച്ചത്തുരുത്തിന് തുടക്കം കുറിച്ചു. ട്രോപിക്കൽ ബോട്ടാണിക്കൽ ഗാർഡനിൽ വികസിപ്പിച്ചെടുത്ത വംശനാശ ഭീഷണി നേരിടുന്ന തൈകൾ ആണ് പച്ചത്തുരുത്തിലേയ്ക്ക് നൽകിയിരിക്കുന്നത്. പച്ചത്തുരുത് നിർമ്മാണ പ്രവർത്തനം നടത്തിയ തൊഴിലുറപ്പ് തൊഴിലാളികളിൽ ഏറ്റവും മുതിർന്ന അംഗവും വിദ്യാർത്ഥിയും ചേർന്ന് തൈ നട്ടുകൊണ്ട് പച്ചതുരുത് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു.
- ❖ റെയിൽവേ പ്രദേശങ്ങളിൽ കണ്ടൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് സതേൺ റെയിൽവേയും ഹരിത കേരളം മിഷനും സംയുക്തമായി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ നവംബർ മാസത്തിൽ പുതിയതായി ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ഓരോ പച്ചത്തുരുത്തുകൾകൂടി ആരംഭിച്ചിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിൽ പൂഞ്ഞാർ ഫയർ ഫോഴ്സ് സ്റ്റേഷനിലെ പച്ചത്തുരുത്ത് വിപുലീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൃഷി ഭവനിൽ നിന്നുമുള്ള പച്ചകറി വിത്തുകൾ, തൈ ഉൾപ്പെടെയുള്ള മൺചട്ടികൾ എന്നിവ ഹരിത കേരളം മിഷൻ ലഭ്യമാക്കി നൽകിയിട്ടുണ്ട്. സംസ്ഥാനത്തു മാതൃകാ പച്ചത്തുരുത്തുകളിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ഇടപെടൽ നടത്തുക, നഷ്ട്ടപ്പെട്ടു പോയ തൈകൾക്ക പകരം പുതിയ തൈകൾ നട്ടു പിടിപ്പിക്കുക, ജൈവ വേലി സ്ഥാപിക്കുക, പച്ചത്തുരുത്ത് പരിപാലനം ഉറപ്പാക്കുക എന്നിവയുള്ള ഇടപെടൽ റിസോഴ്സ് പേഴ്സൺമാർ നടത്തി വരുന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ കലാലയങ്ങൾ കേന്ദ്രീകരിച്ച് NSSന്റെയും മറ്റ് സംഘടനകളുടെയും സഹകരണത്തോടെ വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളെ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്ന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ മെഡിക്കൽ കോളേജിൽ തൈകൾ നട്ട് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു.
- ❖ മലപ്പുറം ജില്ലയിൽ "മരക്കൂട്ടം" എന്ന പേരിൽ ബ്ലോക്കിലെ ഒരു വിദ്യാലയം കേന്ദ്രീകരിച്ച് മാതൃക പച്ചത്തുരുത്ത് ഉണ്ടാകുന്ന പദ്ധതി ജില്ലയിലെ സ്കൂളുകളിൽ നടന്നുവരുന്നു. 15 ബ്ലോക്കുകളുള്ള

ജില്ലയിൽ 14 ബ്ലോക്കുകളുടെ കീഴിൽ വിവിധ സ്കൂൾ തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- ❖ കാസർഗോഡ് ജില്ലയിൽ പച്ചത്തുരുത്തുകൾക്ക് ആവശ്യമായ തൈയ്യുൾ ഉല്പാദിപ്പിക്കുന്നതിനുള്ള നേഴ്സറികൾ എംജിഎൻആർഇജി മുഖേനയും സാമൂഹ്യ വനംവകുപ്പ് മുഖേനയും തയ്യാറാക്കി വരുന്നു.
- ❖ കാസർഗോഡ് വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ നാട്ടക്കലിൽ എ.എൽ.പി. സ്കൂൾ പരിസരത്ത് 40 സെന്റിലാണ് പച്ചത്തുരുത്ത് ഒരുങ്ങുന്നത്. വെസ്റ്റ് എളേരി പഞ്ചായത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പച്ചത്തുരുത്താണിത്. കുട്ടികളുടെ പിറന്നാൾ സമ്മാനമായി ലഭിക്കുന്നതും രക്ഷിതാക്കൾ നൽകുന്നതുമായ വൃക്ഷതൈകളും പച്ചത്തുരുത്തിൽ ഇടം പിടിച്ചിട്ടുണ്ട്.

**പച്ചത്തുരുത്ത്**

**നവംബർ മാസത്തെ പ്രവർത്തനങ്ങൾ**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 55 | 85 | 96 | 269 | 450 | 2 | 65 | 0 | 0 | 218 | 301 |

## 6) കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകൾ തരിശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനം റിപ്പോർട്ട് മാസം വരെ 1888 വാർഡുകളിൽ നടന്നു വരുന്നു. ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 59 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ നവംബർ മാസത്തിൽ ചിറയിൻകീഴ് (വാർഡുകൾ 19), കടയ്ക്കാവൂർ (വാർഡുകൾ 16) സമ്പൂർണ ഹരിത സമൃദ്ധി പഞ്ചായത്തായി പ്രഖ്യാപിച്ചു. കൂടാതെ ഒറ്റൂർ, വർക്കല നഗരസഭ സമ്പൂർണ തരിശു രഹിതമായി മുൻപ് പ്രഖ്യാപിക്കുകയുണ്ടായി. പെരുങ്കടവിള പഞ്ചായത്തിൽ പാൽകുളങ്ങര, മാരായമുട്ടം, പെരുങ്കടവിള വാർഡുകളും ഹരിത സമൃദ്ധി ആയി പ്രഖ്യാപിച്ചു.
- ❖ കൊല്ലം ജില്ലയിൽ ഹരിത ക്യാമ്പസിന്റെ ഭാഗമായി കരുനാഗപ്പള്ളി IHRD കോളേജിൽ 25 സെന്റ് സ്ഥലത്തു പച്ചക്കറി കൃഷി, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ 48 ഹെക്ടർ തരിശു ഏലകളിൽ കൃഷി, മൈലം പഞ്ചായത്ത് വാർഡ് 11-ലെ പച്ചക്കറി കൃഷി, അലയമൺ പഞ്ചായത്തിലെ മാർത്തോമാ HS ൽ മില്ലെറ്റ് കൃഷി എന്നിവ നടന്നു വരുന്നു.

- കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്തിൽ ഉളകോട് വാർഡ് 18/11/23-ന് ഹരിത സമൃദ്ധി വാർഡ് ആയി പ്രഖ്യാപിച്ചു. 430 വീടുകൾ ഉള്ള ഈ വാർഡിൽ തരിശ് നിലങ്ങളും പുരയിടങ്ങളും ഇല്ല. എല്ലാ വീടുകളിലും പച്ചക്കറി കൃഷി ഉണ്ട്.
- കൊല്ലം ജില്ലയിലെ പവിത്രേശ്വരം പഞ്ചായത്തിലെ 3, 17, 18 വാർഡുകളിൽ ഉൾപെട്ട തരിശ്ശായി കിടന്ന 35 ഏക്കറോളം വരുന്ന മുളങ്കോട്, പാലക്കോട്, വെള്ളംകൊള്ളി ഏലകളിൽ നെൽകൃഷിയുടെ വിത ഉദ്ഘാടനം ജില്ലാ പഞ്ചായത്തു പ്രസിഡന്റ് നിർവഹിച്ചു.
- കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ കൊല്ലം ജില്ലാപഞ്ചായത്തിന്റെ കതിർമണി പദ്ധതി പ്രകാരം ഏറെക്കാലമായി തരിശ് കിടന്നിരുന്ന കൂരകുളം ഏലായിലെ 5 ഹെക്ടറോളം വരുന്ന തരിശു നിലത്ത് കർഷക കൂട്ടായ്മയോട് കൂടി നെൽകൃഷിക്ക് തുടക്കം കുറിച്ചു.
- പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ വിവിധ ഇടങ്ങളിൽ ഉള്ള തരിശ് നിലങ്ങളിൽ തീറ്റപ്പുൽകൃഷി, പച്ചക്കറി കൃഷി എന്നിവ നടന്നുവരുന്നു.
- കോട്ടയം ജില്ലയിൽ എലികുളം ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഉള്ള 5 ഏക്കർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി നടത്തി തരിശു രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കോട്ടയം ജില്ലയിൽ വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ തരിശ് രഹിത ഗ്രാമം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 32 ഏക്കർ വരുന്ന വെളിയന്നൂർ പാടത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നെല്ല് കൃഷി നടത്തുന്നതിന് വിത്ത് വിതച്ച് ഉദ്ഘാടനം ചെയ്തു.
- കോട്ടയം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ അവസ്ഥ വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വാർഡ്തലത്തിൽ ഹരിതസമൃദ്ധി സർവേ നടന്നു.
- എറണാകുളം ജില്ലയിൽ കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 15 നവംബർ 1 ന് ഹരിത സമൃദ്ധി വാർഡ് ആയി പ്രഖ്യാപിച്ചു. വാർഡിലെ 315 വീടുകളിലായി 1800 പച്ചക്കറി തൈകൾ നിലവിൽ വിതരണം ചെയ്ത് പരിപാലിച്ചു പോരുന്നുണ്ട്. സ്വകാര്യ വ്യക്തിയുടെ (50 സെന്റ്) സ്ഥലത്തും 3000 ക്യാബേജ്, ക്വാളിഫ്ലവർ തൈകളും പരിപാലിച്ചു പോരുന്നുണ്ട്.
- തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്ത് കേരളപ്പിറവി ദിനത്തിൽ മാലിന്യമുക്ത ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനം നടത്തി. വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി രജിസ്റ്റർ ചെയ്ത മുഴുവൻ വ്യക്തികൾക്കും പച്ചക്കറി വിത്തുകളും തൈകളും നൽകി.
- തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ പഞ്ചായത്ത് പിരപ്പമൻകാട് ഏലായിലെ 57 ഏക്കർ നിലത്തിലെ ഞാർ നടീൽ ഉത്സവം ഹരിതകേരളംമിഷനും, പിരപ്പമൻകാട് കൂട്ടായ്മയും സംയുക്തമായി ചേർന്നു നടത്തി.
- എറണാകുളം ജില്ലയിൽ ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിനെ തരിശു രഹിത ഗ്രാമം ആക്കുന്നതിന്റെ ഭാഗമായി 1.2 ഏക്കർ കര ഭൂമി കൃഷി യോഗ്യമാക്കി.
- പാലക്കാട് ജില്ലയിൽ ഒരു ബ്ലോക്കിൽ ഒരു തദ്ദേശസ്ഥാപനം എന്ന രീതിയിൽ 13 ബ്ലോക്കുകളിലായി 13 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന 3 ഗ്രാമപഞ്ചായത്തുകൾ തരിശുരഹിതമാക്കാൻ വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ ഹരിത സമൃദ്ധി വാർഡ് ക്യാമ്പയിന്റെ ഭാഗമായി ഒരോ ബ്ലോക്കിലും കുറഞ്ഞത് 20 വാർഡുകൾ എന്ന രീതിയിൽ ജില്ലയിൽ 200 വാർഡ് തിരഞ്ഞെടുത്തു.
- കോഴിക്കോട് ജില്ലയിൽ 275 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളാക്കാൻ തിരഞ്ഞെടുത്തു.
- കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ മൂന്ന് വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു.
- കാസർഗോഡ് ഈസ്റ്റ് എളേരി 13ആം വാർഡ് കൊല്ലാട ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരളം മിഷന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ കൊടിയത്തൂർ പഞ്ചായത്തിലെ പന്നിക്കോട്

ശ്രീകൃഷ്ണ ക്ഷേത്ര പരിസരത്ത് വെച്ചുപിടിപ്പിച്ച തീറ്റപ്പുൽകൃഷി വിളവെടുത്തു. കൂടാതെ ക്ഷേത്രങ്ങളിലെ കാവുകൾ കാലത്തിനൊത്ത രീതിയിൽ വൈവിധ്യവും പുതുമയുള്ളതുമാക്കി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്ഷേത്രപരിസരത്ത് പച്ചത്തുരുത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ ഇനങ്ങളിലുള്ള 250 ഓളം തൈകൾ വെച്ചുപിടിപ്പിക്കുകയും 30 സെന്റോളം സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തുകയും ചെയ്തു.

- ❖ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ കരുമാല്ലൂർ FMCT ഹയർ സെക്കണ്ടറി സ്കൂളിൽ 'ചെറുതല്ല ചെറുധാന്യങ്ങൾ'പദ്ധതിയോടനുബന്ധിച്ചു NSS വിദ്യാർത്ഥികൾ ചെറുധാന്യകൃഷി തുടങ്ങി. മണിച്ചോളം കൃഷിയാണ് ആരംഭിച്ചത്. പദ്ധതിയോടനുബന്ധിച്ച് ചെറുധാന്യകൃഷി വ്യാപനം, കൃഷി പരിശീലന പരിപാടി, മില്ലറ്റ് പ്രദർശനമേള എന്നിവയും നടന്നു. വിദ്യാർത്ഥികളെ ചെറുമണി ധാന്യങ്ങൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജൈവരാജ്യം മില്ലറ്റ് എക്സിബിഷനും നടന്നു.

| കാർഷിക മേഖലയിലെ ഇടപെടലുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നവംബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 69 | 300 | 208 | 774 | 1282 | 1 | 30 | 0 | 1 | 189 | 286 |

## 7) ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണ പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നവംബർ മാസം വരെ ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 194 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. നവംബർ മാസത്തെ 1753 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 20068 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

- ❖ തിരുവനന്തപുരം ജില്ലയിൽ പുതിയതായി 10 സ്കൂളുകളിൽ കൂടി ലാബുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ 23 സ്കൂളുകളിൽ ലാബുകൾ നിലവിൽ വരും. തിരുവനന്തപുരം ജില്ലയിൽ വാമനപുരം നിയോജക മണ്ഡലത്തിൽ MLA യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് മണ്ഡലത്തിൽ ഉൾപ്പെടുന്ന സ്കൂളുകളിൽ ഡിസംബർ 15 വരെ ക്യാമ്പയിൻ അടിസ്ഥാനത്തിൽ ലാബ് ടെസ്റ്റുകളുടെ എണ്ണം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനവും ആരംഭിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ 8 നിയോജക മണ്ഡലങ്ങളിലായി 54 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര ലാബ് പ്രവർത്തിച്ചുവരുന്നു. കാലാവധി കഴിഞ്ഞ പരിശോധനാകിറ്റുകളുടെ അഭാവം മൂലം സ്കൂളുകളിൽ മികച്ച രീതിയിൽ ടെസ്റ്റുകൾ നടത്താൻ കഴിയാത്ത സാഹചര്യമാണ്

നിലവിലുള്ളത്. ലാബിന്റെ സുഗമമായ തുടർ പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നതിനായി 13,00,000/- രൂപയുടെ പ്രൊപോസൽ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്.

- കണ്ണൂർ ജില്ലയിലെ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 13 ഹയർ സെക്കണ്ടറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളോട് ചേർന്ന് ജല പരിശോധന ലാബുകൾ നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിനു തയ്യാറായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ ജല ഗുണതാ ലാബുകളിൽ തുടർ പരിശോധനകൾ നടത്താൻ ആവശ്യമായ കെമിക്കലുകൾ, മൾട്ടി പരാമീറ്റർ, മറ്റു സാമഗ്രികൾ തുടങ്ങിയവയുടെ സാമ്പിൾ എസ്റ്റിമേറ്റ് തയ്യാറാക്കി മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.
- കാസറഗോഡ് ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലഗുണ നിലവാര പരിശോധന ലാബ് ലഭ്യമാക്കുന്നതിന് എംഎൽഎ മാരോട് കത്ത് മുഖേന ആവശ്യപ്പെടുകയും ജില്ലാ കളക്ടർ മുഖേന കാസർഗോഡ് വികസന പാക്കേജിലേക്ക് വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിന് സംസ്ഥാന പ്ലാനിംഗ് ബോർഡിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 8) ഹരിത സ്ഥാപനം

ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 7943 തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ ഡിസംബർ 31നു മുൻപ് മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| ഹരിത സ്ഥാപനം -നവംബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 600 | 889 | 1535 | 4683 | 7107 | 39 | 2075 | 13 | 833 | 1495 | 1876 |

| ഹരിത സ്ഥാപനം - പ്രവർത്തന പുരോഗതി - നവംബർ 2023 | |
|---|---|
| ഹരിത സ്ഥാപനമായി മാറ്റുന്നതിനു തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | 7943 |
| പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥാപനങ്ങൾ | 6054 |
| നോഡൽ ഓഫീസർമാരെ നിയമിച്ച സ്ഥാപനങ്ങൾ | 5295 |
| ഒറ്റതവണ ഉപയോഗ സാധനങ്ങളുടെ ഉപയോഗം പൂർണമായും ഒഴിവാക്കിയ സ്ഥാപനങ്ങൾ | 5639 |
| നവംബർ മാസം വരെ മോണിറ്ററിങ് നടത്തിയ സ്ഥാപനങ്ങൾ | 1101 |
| അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമസേനക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 5907 |
| പ്ലാസ്റ്റിക് ബദൽ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങൾ | 3825 |
| ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ്/ബയോഗ്യാസ് ആക്കാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 3186 |
| ഇ വേസ്റ്റ്, ഹസാർഡസ് വേസ്റ്റ് എന്നിവ ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 2325 |
| ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് മാത്രം പരിപാടികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ | 4735 |
| ഇ ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | 2468 |
| വൃത്തിയുള്ള ശുചിമുറി സംവിധാനം ലഭ്യമായ സ്ഥാപനങ്ങൾ | 6001 |
| മലിനജലം നിർമാർജനം ചെയ്യാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 3908 |
| നവംബർ മാസം വരെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ച സ്ഥാപനങ്ങൾ | 2151 |

- ഹരിതസ്ഥാപനങ്ങളാക്കാൻ തിരഞ്ഞെടുത്ത ആകെ 7943 സ്ഥാപനങ്ങളിൽ 2419 വിദ്യാഭ്യാസ സ്ഥാപനങ്ങളും, 4305 ഓഫീസുകളും, 466 ഓഫീസ് കോംപ്ളെക്സുകളും, 326 കമ്മ്യൂണിറ്റി ഹാളുകളും, 427 മറ്റു സ്ഥാപനങ്ങളും ഉൾപ്പെടുന്നു.
- നവംബർ വരെ 2151 സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളാക്കി പ്രഖ്യാപനം നടത്തിയിട്ടുണ്ട്.
- മുൻകാലങ്ങളിൽ ഹരിതസ്ഥാപനങ്ങളാക്കി പ്രഖ്യാപനം നടത്തിയ 1883 സ്ഥാപനങ്ങൾ ഇപ്പോഴും ഹരിതചട്ടം പാലിച്ച് ഹരിതസ്ഥാപനമായി പ്രവർത്തിക്കുന്നവയാണ്.

ജില്ലകളിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ നിർദിഷ്ട പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശോധന കമ്മിറ്റി ജില്ല അടിസ്ഥാനത്തിൽ രൂപീകരിച്ചാണ് വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി ഗ്രേഡിംഗ് നല്കിയത്.

- തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ് ഗ്രാമപഞ്ചായത്ത് 13 സ്കൂളുകളിലെയും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ വിലയിരുത്തി സർട്ടിഫിക്കറ്റുകൾ നൽകി. മലയിൻകീഴ് പഞ്ചായത്തിന്റെ പരിധിയിലുള്ള 70 ഓഫീസുകളെ ഹരിത ഓഫീസുകളായി പ്രഖ്യാപിച്ചു.
- കൊല്ലം ജില്ലയിൽ മൈലം ഗ്രാമപഞ്ചായത്തിലെ 4 സ്കൂളുകളും തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ 5 ഘടക സ്ഥാപനങ്ങളും, കൊല്ലം കോർപ്പറേഷനിലെ 2 കെ.എസ്.എഫ്.ഇ ഓഫീസുകളും ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു.
- പത്തനംതിട്ട ജില്ലയിൽ തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് കോളേജിനെ നവംബർ മാസം 22ന് നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു.
- കോട്ടയം ജില്ലയിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി സ്കൂൾ ബഹു എം.എൽ.എ ശ്രീ അഡ്വക്കേറ്റ് ജോബ് മൈക്കിൾ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു. ഇതോടൊപ്പം വാഴൂർ ബ്ലോക്കിലെ 6 സ്കൂളുകളും വെച്ചൂർ ഗവൺമെന്റ് ഹൈ സ്കൂളും ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു.

## 9) വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 9.1) ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 76 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കമ്പനികളുടെ CSR ഫണ്ട് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ നവകേരളം കർമപദ്ധതി സ്വീകരിച്ചു വരുന്നു.

- ❖ തിരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങൾ ആക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്.
- ❖ വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥാ പഠനം എല്ലാ ജില്ലകളിലും നടന്നു. വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി, സാധ്യത, പരിമിതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മുൻഗണന നിശ്ചയിക്കലും സൗകര്യങ്ങളുടെ കുറവ് കണ്ടു പിടിക്കുന്നതിനുമാണ് അവസ്ഥാ പഠനം നടത്തിയത്.
- ❖ അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടന്നു വരുന്നു. പല സൗകര്യങ്ങളും ഉണ്ടെങ്കിലും അവ പര്യാപ്തമല്ലാത്തതും അല്ലെങ്കിൽ ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിലുമാണുള്ളത് എന്നതാണ് അവസ്ഥ പഠനത്തിൽ നിന്നും മനസിലാക്കിയത്.
- ❖ തിരുവനന്തപുരം ജില്ലയിലെ ഹരിത ടൂറിസത്തിനായി തിരഞ്ഞെടുത്ത പിരപ്പമൻകാട് ഏലായെ ഹരിത ടൂറിസം ഡെസ്റ്റിനേഷൻ ആയി പ്രഖ്യാപിച്ചു. ആറ്റിങ്ങൽ റോട്ടറി ക്ലബ് ഹരിത ടൂറിസം പദ്ധതിക്കായി ബെഞ്ച്, ഡസ്റ്റ്, വേസ്റ്റ് ബിൻ എന്നിവ നൽകിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിലെ ഹരിത ടൂറിസം പദ്ധതിയുടെ ഭാഗമായി ചിറ്റമല ചെമ്പ് പാടശേഖരത്തിൽ ആദ്യഘട്ടത്തിൽ താമരകൃഷി ആരംഭിച്ചുകൊണ്ട് ടൂറിസം പദ്ധതികൾക്ക് 24/11/23-ന് തുടക്കം കുറിച്ചു. സൈക്കിൾ പാത/നടപ്പാത, സൗന്ദര്യവൽക്കരണം എന്നീ പ്രവർത്തികളുടെ ഉദ്ഘാടനവും ആദ്യഘട്ടമായി നടത്തി. ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് തുടർച്ചയായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ടൂറിസം പദ്ധതിയും ഉടൻ തന്നെ ആരംഭിക്കുന്നതാണ്.
- ❖ മാലിന്യമുക്തം നവകേരളത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ സീറോ വേസ്റ്റ് സോണുകളായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്യാപ് അസ്സെസ്സ്മെന്റ് നടത്തുന്നതിനു നവകേരള മിഷൻ, ശുചിത്വ മിഷൻ, LSGD ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കോട്ടയം ജില്ലയിൽ ഇല്ലിക്കൽ കല്ല് ടൂറിസംകേന്ദ്രത്തിലെ ഗ്രീൻ പ്രോട്ടോകോൾ പരിപാലനവും നടത്തേണ്ട അടിസ്ഥാന സൗകര്യ വികസന സാധ്യതകളും അവസ്ഥാ പഠനത്തിൽ കണ്ടെത്തിയ വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ വിശദീകരിച്ചു.
- ❖ കണ്ണൂർ ജില്ലയിലെ കേളകം, ചെറുമാവിലായി റെഗുലേറ്റർ കം ബ്രിഡ്ജ്, ധർമടം ബീച്ച് എന്നീ കേന്ദ്രങ്ങൾ ഉൾകൊള്ളുന്ന തദ്ദേശ സ്ഥാപനങ്ങളിൽ അവതരണം നടത്തുകയും മുൻഗണന ക്രമത്തിൽ ചെയ്യേണ്ട കാര്യങ്ങളുടെ ലിസ്റ്റ് തയാറാക്കുകയും ചെയ്തിട്ടുണ്ട്.

| ഹരിത ടൂറിസം | | | | | | |
|---|---|---|---|---|---|---|
| നവംബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | | |
| 34 | 195 | 219 | 1061 | 1475 | 30 | 94 |

- ❖ ഹരിതകേരളം മിഷനും ജില്ലാ പഞ്ചായത്തും സംയുക്തമായി അടിമാലി ഗവ.ഹൈസ്കൂളിനോട് ചേർന്ന് ഒരുക്കിയിട്ടുള്ള 'നീലക്കുറിഞ്ഞി' ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിൽ മൂന്നാറിലും പരിസര പ്രദേശങ്ങളിലും എത്തുന്നവർ സന്ദർശിച്ചു തുടങ്ങി. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള വിനോദയാത്രസംഘങ്ങളെ നീലക്കുറിഞ്ഞി വിജ്ഞാനകേന്ദ്രത്തിലേയ്ക്ക് ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് നീലക്കുറിഞ്ഞി കേന്ദ്രത്തിന്റെ പ്രവർത്തന സമയം. തിങ്കളാഴ്ച അവധിയായിരിക്കും. കുട്ടികൾക്ക് 10 രൂപയും മുതിർന്നവർക്ക് 20 രൂപയുമാണ് ടിക്കറ്റ് നിരക്ക്.

### 9 .2) ചിറ്റുമല ചിറയിൽ ടൂറിസം പദ്ധതി

പ്രകൃതി രമണീയമായ ചിറ്റുമല ചിറയിലും അനുബന്ധ പാടശേഖരങ്ങളിലും നവീകരണവും അനുബന്ധ ടൂറിസം പദ്ധതികളും ആരംഭിച്ചു. നവകേരളം കർമപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തും കിഴക്കേകല്ലട ഗ്രാമപഞ്ചായത്തും സംയുക്തമായാണ് ചിറ്റുമല ചിറയിലെ ഉപവനം എന്ന പേരിൽ പദ്ധതി ആരംഭിച്ചത്. ടൂറിസം പദ്ധതിയുടെ ഉദ്ഘാടനം കുന്നത്തൂർ നിയോജക മണ്ഡലം എം.എൽ.എ കോവൂർ കുഞ്ഞുമോൻ നിർവഹിച്ചു. വിനോദസഞ്ചാരം, കൃഷി എന്നിവ മുൻനിർത്തി ആദ്യഘട്ടത്തിൽ ചിറയുടെ തീരത്ത് നടപ്പാത/ സൈക്കിൾ പാത നിർമ്മാണവും, നടപ്പാതയുടെ സൗന്ദര്യവൽക്കരണവും ഉയർന്ന പാടശേഖരങ്ങളിൽ പുഷ്പകൃഷിയും ആരംഭിക്കുകയാണ്. ചിറ്റുമല ചെമ്പ് പാടശേഖരത്തിന് സമീപം നടന്ന ചടങ്ങിൽ പദ്ധതിയുടെ ഭാഗമായ പുഷ്പ കൃഷിയുടെ ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ നിർവഹിച്ചു. നടപ്പാത / സൈക്കിൾ പാതയുടെ നിർമ്മാണോദ്ഘാടനം ചിറ്റുമല ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റും, നടപ്പാതയുടെ സൗന്ദര്യവത്കരണത്തിന്റെ ഉദ്ഘാടനം കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് പ്രസിഡന്റും നിർവഹിച്ചു. തൊഴിലുറപ്പ് പദ്ധതി പ്രകാരമാണ് നടപ്പാത, സൈക്കിൾ പാത എന്നിവയുടെ നിർമ്മാണവും, താമരകൃഷിക്കുള്ള നിലം ഒരുക്കലും നടത്തുന്നത്. കൃഷി വകുപ്പിന്റെ സബ്സിഡിയോടെയാണ് താമരകൃഷി നടത്തുന്നത്. ആദ്യഘട്ട പ്രവർത്തനത്തിന് തുടർച്ചയായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം അനുബന്ധ പദ്ധതികളും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

## 10) ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

ശുചിത്വ-മാലിന്യ സംസ്കരണ
നവംബർ മാസത്തെ പ്രവർത്തനങ്ങൾ

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 1454 | 3110 | 4431 | 39883 | 47424 | 22 | 2257 | 76 | 4094 | 1062 | 1685 |

- 16465 മിനി മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
- 1313മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
- 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
- നവംബർ മാസത്തിൽ 974.918 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും 1825.332 ടൺ നിഷ്ക്രിയ മാലിന്യങ്ങളും 10.806 ടൺ ഇ-മാലിന്യങ്ങളും 245.473 ടൺ ചില്ല് മാലിന്യവും 1.640 ടൺ തുണി മാലിന്യവും 5.025 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 8.138 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.
- റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 29.74 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 8412 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയ്ക്കും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.

- നവംബർ മാസത്തെ വാർ റൂം ഡാറ്റാ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള 77.09 ലക്ഷം വീടുകളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട് കൂടാതെ സംസ്ഥാനത്തെ 7.1 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.
- മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 653 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- നവംബർ മാസത്തിൽ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 73.8 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.
- ഹരിതസഭ "മാലിന്യമുക്തം നവകേരളം" ക്യാമ്പയിൻ ഭാഗമായി കുട്ടികളുടെ ഹരിതസഭയുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പരിശീലനങ്ങൾ സംഘടിപ്പിച്ചിരുന്നു. നവംബർ 14-ന് കുട്ടികളുടെ ഹരിതസഭ ചേരാൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങളിൽ നവംബർ 30-ന് മുൻപായി പൂർത്തീകരിച്ചു. ഹരിത സഭയിൽ വിവിധ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.
- കൊല്ലം ജില്ലയിൽ എം.സി.എഫ്./ ആർ.ആർ.എഫ് പരിപാലനവുമായി ബന്ധപ്പെട്ടുള്ള പരിശീലനം പുനലൂർ, കൊട്ടാരക്കര, കൊല്ലം എന്നീ മൂന്ന് മേഖലകളിലായി നവംബർ മാസത്തിൽ നടത്തി. തദ്ദേശ സ്ഥാപന സെക്രട്ടറി, ചുമതലപ്പെട്ട ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥൻ, ക്ലീൻ സിറ്റി മാനേജർ/വി.ഇ.ഒ, ഹെൽത്ത് ഇൻസ്പെക്ടർ, എം.സി.എഫ്/ആർ.ആർ.എഫിന്റെ ചാർജ്ജ് ഓഫീസർ, കൺസോഷ്യം ഭാരവാഹികൾ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.
- യുണിസെഫിന്റെ സഹായത്തോടെ കൊല്ലം ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിലെ ശുചീകരണ തൊഴിലാളികൾക്കുള്ള ആദ്യ പരിശീലനം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചു. അഞ്ചൽ, അലയമൺ, ഏരൂർ എന്നിവിടങ്ങളിൽ ഈ മാസം തന്നെ പൂർത്തീകരിക്കും. മറ്റ് തദ്ദേശ സ്ഥാപനങ്ങളിലും പരിശീലനം ആസൂത്രണം ചെയ്തു വരുന്നു.
- സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനും ജൈവ അജൈവ മാലിന്യം ശേഖരിക്കുന്നത് പരിശോധിക്കുന്നതിനായി തദ്ദേശസ്ഥാപന വിജിലൻസ് സ്ക്വാഡിനെ ചുമതലപ്പെടുത്തി
- തിരുവനതപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ശുചിത്വ ബോധവൽക്കരണ ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കർമ്മ സേനയുമായി സഹകരിക്കാത്ത വീടുകളിലും സ്ഥാപനങ്ങളിലും സന്നദ്ധപ്രവർത്തകർ ബോധവൽക്കരണം നടത്തി. 429 സന്നദ്ധപ്രവർത്തകർ പങ്കെടുത്തു.
- നവകേരള സദസ്സിന്റെ ഭാഗമായി കണ്ണൂർ നിയമസഭ മണ്ഡലത്തിലെ ഹരിത കർമ്മസേന അംഗങ്ങൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്തു. കണ്ണൂർ കോർപറേഷൻ പരിധിയിലെ ഹരിത കർമ്മ സേന അംഗങ്ങളുടെ ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചാണ് ഹെൽത്ത് കാർഡ് വിതരണം ചെയ്തത്. വാതിൽപ്പടി മാലിന്യ ശേഖരണത്തിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച ഹരിത കർമ്മ സേന അംഗങ്ങളുടെ ചടങ്ങിൽ വെച്ച് ആദരിച്ചു.
- വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിൽ എഫ്.എച്ച്.സി-യിൽ പണി കഴിപ്പിച്ചിട്ടുള്ള തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാൻറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തി.
- തിരുവനന്തപുരം വിമൺസ് കോളേജ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനത്തിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനമായ തുമ്പൂർമുഴിയുടെ പ്രവർത്തനോദ്ഘാടനം നടന്നു.

- തൃപ്പൂണിത്തുറ അത്തച്ചമയവേളയിൽ സംഘടിപ്പിച്ച 'വലിച്ചെറിയാതെ തിരിച്ചുതരൂ' കാമ്പയിൻ വിജയികൾക്ക് സമ്മാനവും വോളന്റിയർമാർക്കുള്ള സർട്ടിഫിക്കറ്റും വിതരണവും ചെയ്തു.
- ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ അമൽ കോളേജിലെ എൻഎസ്എസ് യൂണിറ്റുമായി ചേർന്ന് മണ്ണൂപ്പാടം മുതൽ എരിഞ്ഞിമങ്ങാട് വരെയുള്ള പ്രദേശങ്ങളിൽ മാസ് ക്ലീനിങ് സംഘടിപ്പിച്ചു. നവകേരളത്തിനായി ക്യാമ്പസുകൾ എന്ന കാമ്പയിന്റെ തുടർച്ചയായിട്ടാണ് മാസ് ക്ലീനിങ് സംഘടിപ്പിച്ചത്. അമൽ കോളേജിലെ 100 എൻഎസ്എസ് സന്നദ്ധപ്രവർത്തകരാണ് ക്ലീനിങ് നടത്തിയത്.
- പൊതുജനങ്ങൾ അലക്ഷ്യമായി മാലിന്യം നിക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഒരു പ്രദേശമോ വൃത്തിഹീനമായി കിടക്കുന്ന പൊതുസ്ഥലമോ എൻ.എസ്.എസ് യൂണിറ്റ് ഏറ്റെടുത്ത് മാലിന്യമുക്തമാക്കി പൊതുജനങ്ങൾക്കു ഉപയോഗപ്രദമാക്കി മാറ്റുകയാണ് സ്നേഹാരാമം പദ്ധതി. കണ്ണൂർ ജില്ലയിലെ ഗ്രീൻ ബ്രിഗേഡ് അംഗങ്ങൾ പയ്യന്നൂർ കോളേജ് ക്യാമ്പസിനകത്ത് രണ്ട് പ്രദേശങ്ങൾ തിരഞ്ഞെടുത്ത് സ്നേഹാരാമങ്ങളാക്കി മാറ്റി. തുടർന്ന് പയ്യന്നൂർ കോളേജിന് തൊട്ടടുത്തുള്ള അംഗൻവാടി വളണ്ടിയർമാർ ചേർന്ന് ശുചീകരിച്ചു.
- പത്തനംതിട്ട ജില്ലയിൽ കത്തോലിക്കേറ്റ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ പുതിയ സ്വകാര്യ ബസ് സ്റ്റാൻഡ് പരിസരത്ത് സ്നേഹാരാമം പദ്ധതിക്ക് തുടക്കം കുറിച്ചു. ഇവിടെ പൂന്തോട്ടം, സൗന്ദര്യ വൽക്കരണം എന്നിവ നടത്തുകയും, മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നഗരസഭയുടെ നേതൃത്വത്തിൽ ബോർഡ് സ്ഥാപിക്കുകയും ചെയ്തു.
- കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭ ഹരിത കർമസേനാംഗങ്ങൾക്കും ശുചീകരണ ജീവനക്കാർക്കും മെഡിക്കൽ കാമ്പ്, യൂണിഫോം, സുരക്ഷാ ഉപകരണങ്ങളുടെ വിതരണം, അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക് ഗുഡ്സ് ഓട്ടോ കൈമാറ്റം ചെയ്യൽ എന്നിങ്ങനെ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഹൈജീൻ കാർണിവൽ നടന്നു. നഗരസഭ ഹരിത കർമസേനാംഗങ്ങൾക്കും ശുചീകരണ തൊഴിലാളികൾക്കുമായി ഫാമിലി ഹെൽത്ത് സെന്റർ ആരോഗ്യ വിഭാഗം ജീവനക്കാരുടെ സഹകരണത്തോടെ രക്തപരിശോധന, ബ്ലഡ് ഷുഗർ, രക്തസമ്മർദ്ദം, മറ്റ് ആരോഗ്യ പരിശോധനകൾ എന്നിവ നടത്തി ഹെൽത്ത് കാർഡ് വിതരണം ചെയ്തു.

### 10.1) തത്സമയ മലിനജല ശുദ്ധീകരണ സംവിധാനവുമായി ഹരിതകേരളം മിഷൻ

ദ്രവമാലിന്യ സംസ്കരണത്തിന് തത്സമയ മലിനജല ശുദ്ധീകരണ സംവിധാനവുമായി ഹരിതകേരളം മിഷൻ. ജപ്പാൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സ്ക്വാസ് സൊല്യൂഷൻസ് എന്ന കേരള സ്റ്റാർട്ടപ്പ് വികസിപ്പിച്ചെടുത്ത നൂതന മാതൃക ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ സംവിധാനം കേരളീയത്തിനോടനുബന്ധിച്ച് കനകക്കുന്നിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. കനകക്കുന്നിലെ മുഴുവൻ ഭക്ഷണ സ്റ്റാളുകളിലെയും മലിനജലം ശുദ്ധീകരിച്ച് റീചാർജ്ജിംഗിനായി ഉപയോഗപ്പെടുത്തുന്നത് സന്ദർശകർക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിരുന്നു.

കേരളത്തിൽ നിലവിൽ ശാസ്ത്രീയ ഖരമാലിന്യ സംസ്കരണ സംവിധാനമുണ്ടെങ്കിലും ദ്രവമാലിന്യ സംസ്കരണം സംബന്ധിച്ച് കൃത്യമായ ഒരു സാങ്കേതിക വിദ്യ വ്യാപകമായിട്ടില്ല. ജലാശയങ്ങളിൽ ഉൾപ്പെടെ മാതൃകാപരമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണിത്. സംസ്ഥാന സർക്കാരുമായി ഈ സാങ്കേതികവിദ്യ സംബന്ധിച്ച് ചർച്ച നടത്തി. പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ഹരിതകേരളം മിഷൻ മുൻകൈയെടുക്കും. കനകക്കുന്നിൽ വിവിധ പ്രദർശന മേളകളുടെ ഭാഗമായി ഒരുക്കുന്ന ഭക്ഷണശാലകളിൽ നിന്ന് പുറത്തുവരുന്ന മലിനജലം കെട്ടിക്കിടന്ന് ദുർഗന്ധം വമിക്കുന്നത് മുൻകാലങ്ങളിൽ വലിയ പ്രശ്നം സൃഷ്ടിച്ചിരുന്നു. ഈ പ്രശ്നത്തിന് ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ പരിഹാരമായിരിക്കുന്നത്.

### 10.2) ഹരിത അയൽക്കൂട്ടം

വടകര നഗരസഭയിൽ വാർഡ് 29ലെ 10 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടം ആയി പ്രഖ്യാപിച്ചു. നവംബർ മാസത്തോടെ വാർഡിലെ 10 അയൽക്കൂട്ടങ്ങളിലെയും വിവരങ്ങൾ ശേഖരിക്കുകയും ഗ്യാപ്പ് കണ്ടെത്തിയ ഇടങ്ങളിൽ ജില്ലാ മിഷൻ - നഗരസഭാ ടീം പരിശോധന നടത്തിയിരുന്നു . ഗ്യാപ്പ് ഫില്ലിംഗ് പ്രവർത്തനങ്ങൾ വാർഡ് വികസന സമിതിയുടെ നേതൃത്വത്തിൽ നടത്തി. 2023 നവംബർ 30ന് എല്ലാ അയൽക്കൂട്ടങ്ങളെയും ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റി.

### 10.3) മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്ത് ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ കാര്യക്ഷമമായും സമയബന്ധിതമായും ജില്ലകളിൽ മുന്നോട്ടു പോകുന്നുണ്ട്. യൂസർഫീ കളക്ഷൻ, പൊതു ഇടങ്ങളുടെയും ജലാശയങ്ങളുടെയും ശുചീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ, ജനകീയ പങ്കാളിത്തം വർദ്ധിപ്പിച്ചുള്ള പൗര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, തദ്ദേശ അടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലുമുള്ള കാമ്പയിനുകൾ വലിച്ചെറിയൽ മുക്ത കാമ്പയിൻ പ്രഖ്യാപനം എന്നിവ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹരിതസഭ പൂർത്തീകരിക്കുകയും ഹരിത ഓഡിറ്റിങ്ങും റിപ്പോർട്ട് തയ്യാറാക്കലും അവതരണവും പൂർത്തീകരിച്ചു.

- ❖ ഇടുക്കി ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രമായ അഞ്ചുരുളിയിൽ ജെപിഎം കോളേജിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ മാലിന്യ മുക്ത കേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് പൊതു ശുചികരണയജ്ഞം നടന്നു.
- ❖ ഇടുക്കി ജില്ലയിൽ പള്ളിവാസൽ മാലിന്യമുക്ത നവകേരളം യൂത്ത് പ്രതിനിധികളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി യൂത്ത് വോളണ്ടിയർമാരെ ഉൾപ്പെടുത്തി പള്ളിവാസൽ വെയ്റ്റിംഗ് ഷെഡ് ശുചീകരണ പ്രവർത്തനവും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും നടത്തി.
- ❖ ഇടുക്കി ജില്ലയിൽ മാലിന്യ മുക്തം നവകേരളം - MCF/RRF സംവിധാനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് കട്ടപ്പന, അഴുത, ഇടുക്കി, നെടുംകണ്ടം ബ്ലോക്കുകളിലെയും കട്ടപ്പന മുൻസിപ്പലിറ്റിയിലെയും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും ഹരിത കർമ സേന കോൺസർഷ്യം ഭാരവാഹികൾക്കും ജില്ലാതല പരിശീലന പരിപാടി ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ കൊടകര ബ്ലോക്കിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ ഹരിത കേരളം മിഷൻന്റെ പ്രതേക ഇടപെടലുകളുടെ ഭാഗമായി 2023 മേയ് മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച "സീറോ പാർക്കിങ് MCF" പരിപാടി CKCLന്റെ സഹകരണത്തോടെ കൃത്യമായി നീക്കം ചെയ്തു വരുന്നു. MCFൽ എത്തുന്ന അജൈവ പാഴ് വസ്തുക്കൾ അതാതു മാസം തരം തിരിച്ച് CKCLനോ അംഗീകൃത ഏജൻസികൾക്കോ നൽകി കൊണ്ട് MCFൽ പാഴ് വസ്തുക്കൾ അടിഞ്ഞു കൂടാതെ (പാർക്ക് ചെയ്യാതെ) പരിപാലിക്കുന്ന രീതിയാണ് Zero Parking MCF കൊണ്ട് ഉദ്ദേശിക്കുന്നത്.
- ❖ മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റ ഭാഗമായി കോളേജുകളിലെ എൻ.എസ്. എസ് വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പസ് തല ജില്ലാ ദ്വിദിന ക്യാമ്പ് പയ്യന്നൂർ കോളേജിൽ നടന്നു. ക്യാമ്പിന്റെ ഉദ്ഘാടനം കല്യാശ്ശേരി നിയോജക മണ്ഡലം എം.എൽ.എ എം.വിജിൻ നിർവ്വഹിച്ചു. പ്രകൃതി സംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം. ജലാശയ സംരക്ഷണം ഇതിനെല്ലാം സഹായകരമായ വിധത്തിൽ മാലിന്യ സംസ്കരണം, ജലസാക്ഷരത, ഹരിതവൽക്കരണം തുടങ്ങിയ മേഖലകളിൽ യുവ തലമുറയുടെ നേതൃപരമായ ഇടപെടൽ വളർത്തി എടുക്കാൻ ലക്ഷ്യമിട്ടാണ് ക്യാമ്പ് സംഘടിപ്പിച്ചത്. കണ്ണൂർ ജില്ലയിലെ 19 കോളേജുകളിലെ എൻ.എസ്.എസ് യൂണിറ്റുകളിൽ നിന്നുള്ള 103 പ്രതിനിധികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്.

- ❖ കാസർഗോഡ് ജില്ലയിലെ ബ്ലോക്കുകളിലെ എംസിഎഫ്/ആർആർഎഫ് പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി കാസർഗോഡ് പഞ്ചായത്ത് ആഫീസിൽ വെച്ച് അജൈവ മാലിന്യ സംസ്കരണ ശില്പശാല നടന്നു.

### 11) "ക്ഷീരസംഘം ഹരിതസംഘം" ക്യാമ്പയിൻ

ക്ഷീര വികസന വകുപ്പ്, ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ "ക്ഷീരസംഘം ഹരിതസംഘം" ക്യാമ്പയിൻ കണ്ണൂർ ജില്ലയിൽ ആരംഭിച്ചു. ക്ഷീര സഹകരണ സംഘങ്ങൾ ശുചിത്വവും ഹരിതവുമായ സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്.

- ❖ പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണം, ക്ഷീര സ്ഥാപന ശുചിത്വം, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ക്ഷീരസംഘങ്ങളിലെ അംഗങ്ങൾ, ജീവനക്കാർ, ഉപഭോക്താക്കൾ എന്നിവർക്ക് വിപുലമായ ബോധവൽക്കരണം നൽകൽ,
- ❖ ക്ഷീര സംഘം ഓഫീസും പരിസരങ്ങളും വൃത്തിയായും ശുചിയായും സംരക്ഷിക്കൽ, അഴുകുന്നതും (ജൈവം) അഴുകാത്തതുമായ മാലിന്യം (അജൈവം) ശേഖരിക്കുന്നതിനായി പ്രത്യേകം പ്രത്യേകം ബിന്നുകൾ ക്ഷീര സംഘങ്ങളിൽ തയ്യാറാക്കൽ, സംഘം ഓഫീസിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, സംഘത്തിലെ ചടങ്ങുകളിൽ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിന് പുനരുപയോഗിക്കുന്ന പാത്രങ്ങളും ഗ്ലാസുകളും ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തൽ, ചുമരിൽ നിന്നും വിട്ട് Can rack, cattle feed stand എന്നിവ സ്ഥാപിക്കൽ, കാലിത്തീറ്റ അവശിഷ്ടങ്ങൾ നിലത്ത് വീഴാതെ സൂക്ഷിക്കൽ, പാൽ അളക്കുന്ന മുറി അണു നാശനം ചെയ്യുന്നതിന് സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്റ്റീൽ പാത്രങ്ങളിൽ പാൽ ശേഖരിക്കൽ പരിശോധന സമയങ്ങളിൽ ജീവനക്കാർക്ക് ഏപ്രൺ/കോട്ട് നിർബന്ധമാക്കൽ, FSSA മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പാൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് സംഘം ഭരണ സമിതിയും ചീഫ് എക്സിക്യൂട്ടീവ് ഓഫിസറും ഉറപ്പ് വരുത്തൽ, ഹരിത പെരുമാറ്റ ചട്ടം നടത്തിപ്പ് ഉറപ്പ് വരുത്താൻ സംഘം തല കമ്മറ്റി രൂപീകരിക്കൽ തുടങ്ങിയ മാനദണ്ഡങ്ങളാണ് ഹരിത സംഘം ഗ്രേഡിങ്ങിനായി ഏർപ്പെടുത്തിയിട്ടുള്ളത്.
- ❖ ഡിസംബർ 10 മുതലാണ് സംഘങ്ങളിലെ ശുചിത്വ പരിശോധന. ഇതിനായി ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ നിരീക്ഷണ ടീം രൂപീകരിക്കും. ടീമിന്റെ നേരിട്ടുള്ള പരിശോധനയിൽ ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് ഗ്രേഡ് നൽകും. ജില്ലയിൽ 219 ക്ഷീര സംഘങ്ങളാണ് പ്രവർത്തിക്കുന്നത്.

### 12) ഗ്രീൻ പ്രോട്ടോകോൾ

- ❖ പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിൽ പരുമല പള്ളിപ്പെരുനാളിനോടനുബന്ധിച്ച് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ നടപ്പിലാക്കി. പെരുനാളിനു ശേഷം നവംബർ 1, 2, 3, 4 തീയതികളിൽ ശുചീകരണം നടത്തി. കടപ്ര ഗ്രാമപഞ്ചായത്തിലെ 25 ഹരിതകർമ്മ സേന അംഗങ്ങൾ അജൈവ മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി. പെരുനാളിനോടനുബന്ധിച്ച് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനം വീഡിയോ ഡോക്യുമെന്റേഷൻ തയ്യാറാക്കി സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചു.
- ❖ പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ ചക്കുളത്തു കാവിൽ നടന്ന പൊങ്കാലയ്ക്ക് ശേഷം പൊടിയാടി മുതൽ പുളിക്കീഴ് വരെയും, മണിപ്പുഴ മുതൽ എ എൻ സി വരെയും പാതയോരങ്ങൾ ശുചീകരണം നടത്തി.
- ❖ പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിശുദ്ധ സേനയിൽ നിന്ന് 13 സാനിറ്റേഷൻ വർക്കേഴ്സും, മുൻസിപ്പാലിറ്റിയിൽ നിന്ന് 15

ശുചീകരണ തൊഴിലാളികളും ദിവസേന ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാനിറ്റേഷൻ പ്രവർത്തകർ ദിവസേന മൂന്ന് വട്ടം ശുചീകരണം ചെയ്യുകയും ബ്ലീച്ചിങ് പൗഡർ പരിസരങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ദിവസേന ശേഖരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ അവശിഷ്ടങ്ങൾ മുൻസിപ്പാലിറ്റിയിലെ തുമ്പൂർമുഴിയിൽ സംസ്കരിക്കുന്നു. അമ്പലത്തിന് ചുറ്റും പ്രവർത്തിച്ചുവരുന്ന കടകളിൽ നിന്നുള്ള അജൈവമാലിന്യങ്ങൾ ദിവസേന ഹരിത കർമ്മ സേനകൾ ശേഖരിച്ച് തരംതിരിക്കുന്നു. ഭക്തജനങ്ങൾക്ക് വേണ്ടത്ര ടോയിലറ്റ് സൗകര്യങ്ങളും മുൻസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് തയ്യാറാക്കി കൊടുത്തിട്ടുണ്ട്.

## 13) പാറക്വാറി റീചാർജ്ജ് വ്യാപകമാക്കും

- കൊല്ലം ജില്ലയിലെ കരീപ്ര പാറക്വാറി റീചാർജ്ജ് വിജയകരമായ സാഹചര്യത്തിൽ ജില്ലയിലെ ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ (ക്വാറികൾ) കെട്ടിക്കിടക്കുന്ന വെള്ളം കൃഷിക്കും ജലസേചനത്തിനും ഉപയോഗിക്കാനുള്ള സാധ്യത പരിശോധിക്കാൻ ഹരിത കേരളം മിഷൻ ശ്രമം തുടങ്ങി. ഇതിനായി പാറമടകളുടെയും അനുബന്ധ ടൂറിസം, കൃഷിയുടെയും സാധ്യതാ സർവേ നടത്തും. സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയശേഷം വിനോദസഞ്ചാരികൾക്കായി തുറന്നു നൽകുന്നതിനുള്ള സാധ്യതയും സർവ്വെയിൽ പരിഗണിക്കും. പാറമടകളിൽ എത്ര ആഴത്തിലും അളവിലും വെള്ളം നിറഞ്ഞിട്ടുണ്ടെന്ന് കണ്ടെത്തൽ, യാത്രാ സൗകര്യം, കൃഷി സാധ്യത, ടൂറിസം സാധ്യത, മത്സ്യ കൃഷി സാധ്യത എന്നിവയാണ് സർവ്വേയിലൂടെ കണ്ടെത്താൻ ശ്രമിക്കുക. ഖനനം അവസാനിപ്പിച്ച പാറമടകൾക്ക് ചുറ്റിലും അവിടേക്ക് എത്താനുള്ള വഴികളിലും സുരക്ഷാവേലികൾ സ്ഥാപിച്ചാണ് പദ്ധതി നടപ്പിലാക്കുക. സർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കി തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറി പദ്ധതി നടപ്പിലാക്കാനാണ് ഹരിത കേരളം മിഷൻ ലക്ഷ്യമിടുന്നത്. പാറമടകളിൽ നിന്ന് സൗരോർജ്ജ് പമ്പുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തോ ചാലുകൾവഴി തോടുകളിലേക്ക് വെള്ളമൊഴുക്കിവിട്ടോ കൃഷി ആരംഭിക്കാനോ വ്യാപിപ്പിക്കാനോ ഉള്ള ശ്രമങ്ങളാണ് ആദ്യ ഘട്ടത്തിൽ നടത്തുക. ഇതു വഴി ആ പ്രദേശത്തെ ഭൂഗർഭ ജലവിതാനം ഉയർത്താനും സാധിക്കും. പമ്പുകൾ പ്രവർത്തിപ്പിക്കാൻ സൗരോർജം ഉപയോഗിക്കാൻ അനെർട്ടിന്റെ സഹായം ഉറപ്പാക്കും. പാറമടകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുവാനും പദ്ധതിയിൽ ശ്രമങ്ങൾ നടത്തും.
- കൊല്ലം ജില്ലയിൽ പാറക്വാറി റീചാർജ്ജ് ഉപയോഗശൂന്യമായ പാറക്വാറികളിലെ ജലം റീചാർജ് ചെയ്ത് കൃഷി/കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിൻറെ സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി കൊല്ലം ജില്ലയിലെ 12 പാറക്വാറികൾ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ സന്ദർശിച്ചു.

# ലൈഫ് മിഷൻ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2023 നവംബറിൽ ലൈഫ് മിഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചുവടെച്ചേർക്കുന്നു

### ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.11.2023 വരെ 3,58,610 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

### ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.11.2023 വരെ

| നം | ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ്രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,58,166 |
| 3 | ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 23,126 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 23,752 |
| 5 | ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 |
| | **ആകെ** | 3,58,610 |

### വ്യക്തിഗത ഭവനങ്ങൾ

ഈ സർക്കാരിന്റെ കാലയളവിൽ 96,479 ലൈഫ് ഗുണഭോക്തൃ കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,25,793 വീടുകൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

### ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം

### വ്യക്തിഗത ഭവനം

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) | - | 71,861 |
| കരാറിലേർപ്പെട്ടവരുടെ എണ്ണം | - | 1,44,363 |
| 2023 - 24 വർഷം പൂർത്തീകരിച്ച വീടുകൾ | - | 18,570 |
| നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ | - | 1,25,793 |

| | | |
|---|---|---|
| റൂഫ് | - | 16,055 |
| ലിൻറിൽ | - | 16,061 |
| ബേസ്മെൻറ് | - | 22,647 |
| നിർമ്മാണം ആരംഭിച്ചവർ | - | 71,030 |
| **ആകെ** | - | **1,25,793** |

### ലൈഫ് 2020- പുരോഗതിവിശദാംശം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | 3,69,262 |
| **ഭൂരഹിത ഭവനരഹിതർ** | 1,96,446 |
| **ആകെ** | 5,65,708 |

### അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3202 പേരിൽ 538 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

### ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി.

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2023 നവംബർ വരെ 76,219 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

### ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 7921 |
| കൊല്ലം | 33675 | 4525 |
| പത്തനംതിട്ട | 10399 | 3816 |
| ആലപ്പുഴ | 30512 | 6129 |
| കോട്ടയം | 17394 | 4308 |
| ഇടുക്കി | 26299 | 2227 |
| എറണാകുളം | 23345 | 4892 |
| തൃശ്ശൂർ | 27916 | 5,713 |
| പാലക്കാട് | 57949 | 6404 |
| മലപ്പുറം | 33631 | 14703 |
| കോഴിക്കോട് | 20894 | 6005 |
| വയനാട് | 17322 | 2165 |
| കണ്ണൂർ | 12236 | 4359 |
| കാസർഗോഡ് | 14450 | 3052 |
| **ആകെ** | **369262** | **76,219** |

### മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2023 നവംബർ മാസം വരെ 2772.911 സെൻറ് ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1541.987 സെൻറ് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

### ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമായി കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 474 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 526 ഗുണഭോക്താക്കളുടെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

### ഭവനസമുച്ചയ നിർമ്മാണ പുരോഗതി

27 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 886 കുടുംബങ്ങളെ ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടിട്ടുണ്ട്.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

- ❖ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് 5 കോടി, 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചിരുന്നു.
- ❖ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 141 സ്കൂളുകളിൽ 135 സ്കൂളുകളുടെ നിർമ്മാണവും, 3 കോടി ഫണ്ടിലുൾപ്പെട്ട 386 സ്കൂളുകളിൽ 161 സ്കൂളുകളുടെ നിർമ്മാണവും, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 446 സ്കൂളുകളിൽ 159 സ്കൂളുകളുടെ നിർമ്മാണവും പൂർത്തിയായി.

## അക്കാദമിക പ്രവർത്തനങ്ങൾ

### ശിശു സൗഹൃദ ഗണിതശാസ്ത്രപഠനം - മഞ്ചാടി

ഗണിത പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ കേരള സർക്കാർ കെ ഡിസ്കുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത മഞ്ചാടി പഠനരീതി സംസ്ഥാനത്തെ 101 വിദ്യാലയങ്ങളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. സംസ്ഥാനത്താകെ തിരഞ്ഞെടുക്കപ്പെട്ട 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 72 വിദ്യാലയങ്ങളിലുമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

### ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം

ശുചിത്വവിദ്യാലയം ഹരിത വിദ്യാലയം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ പ്രഥമാധ്യാപകർ, എസ്.എസ്.കെയിലെ ബിപിസിമാർ തുടങ്ങിയവരുടെ മീറ്റിങ്ങുകൾ നടന്നുവരുന്നു. ജില്ലകളിലെ എല്ലാ വിദ്യാലയങ്ങളുടെയും ശുചിത്വ മാലിന്യം, ശുചിത്വ സംസ്കരണ രീതി എന്നിവ മനസ്സിലാക്കുന്നതിനുള്ള തൽസ്ഥിതി പഠനത്തിന് തുടക്കമായിട്ടുണ്ട്. കൊല്ലം ജില്ലയിൽ ശുചിത്വത്തിനുള്ള സ്വച്ച് വിദ്യാലയ പുരസ്കാരം ജി.എൽ.പി.എസ്, ഇഞ്ചക്കാട് കരസ്ഥമാക്കി യിരിക്കുന്നു. ഹരിതവിദ്യാലയം പ്രഖ്യാപനങ്ങൾ ജില്ലകളിൽ നടന്നുവരുന്നുണ്ട്.

## തനത് പ്രവർത്തനങ്ങൾ

**സെൽഫ് ഡിഫൻസ് ട്രെയിനിങ്** : ഹയർസെക്കൻഡറി ക്ലാസുകളിലെ പെൺകുട്ടികൾക്കായി സ്വയം പ്രതിരോധ പരിശീലനം നൽകി വരുന്നു. കളരിപ്പയറ്റ്, കരാട്ടെ തുടങ്ങിയ ആയോധനകലകൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിന്റെ ചുമതല എസ് എസ് കെയ്ക്കാണ്.

**ചലച്ചിത്രോത്സവം** : ഹൈസ്കൂൾ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി ചലച്ചിത്രോത്സവം ജില്ലകളിൽ സംഘടിപ്പിച്ചു. ഫിലിം ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാലയങ്ങളിൽ ചലച്ചിത്രോത്സവങ്ങൾ നടത്തുന്നു. ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കായി സംസ്ഥാന ചലച്ചിത്രോത്സവവും നടന്നു.

**ഇൻക്ലൂസീവ് കായികോത്സവം** : ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ ഉറപ്പിച്ച് നിർത്താനായി നടപ്പിലാക്കിയ പദ്ധതിയാണ് ഇൻക്ലൂസീവ് കായികോത്സവം. കുട്ടികൾക്ക് സ്പെഷ്യൽ എജ്യൂക്കേറ്റർമാർ, ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകർ എന്നിവർ വഴി ഒരു മാസത്തോളം പരിശീലനം നൽകിയ ശേഷമാണ് ഉപജില്ലാതല, ജില്ലാതല മത്സരങ്ങൾ നടത്തുന്നത്. അതിനായിട്ടുള്ള അധ്യാപക പരിശീലനം നവംബർ മാസം പൂർത്തീകരിച്ചു.

**ഗൃഹാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി** : ശാരീരിക പരിമിതികളാൽ വിദ്യാലയങ്ങളിൽ എത്താൻ കഴിയാത്ത കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകളും വൈദ്യ പരിശോധനകളും ബി ആർ സി കൾ വഴി നടക്കുന്നു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട രക്ഷിതാക്കളും കുട്ടികളും വിവിധ ജില്ലകളിൽ നടന്നുവരുന്ന സംഗമങ്ങളിൽ പങ്കാളികളാകുന്നുണ്ട്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 5 (19%) | 15 |
| മൂന്നാം ഘട്ടം | 8 | 0 | 5 |
| **ആകെ** | 43 | 11 (25%) | 20 |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 48 (63%) | 13 |
| രണ്ടാം ഘട്ടം | 75 | 8 (10%) | 21 |
| **ആകെ** | **151** | **56 (37%)** | **34** |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (97%) | 1 |
| രണ്ടാം ഘട്ടം | 504 | 427 (85%) | 20 |
| മൂന്നാം ഘട്ടം | 212 | 67 (32%) | 40 |
| **ആകെ** | **886** | **660 (74%)** | **60** |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ )

- 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയിൽ, 01/11/23 മുതൽ 30/11/2023 വരെ **1,87,319** വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ **12,012 (6%)** പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, **17,247 (9%)** പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, **658 (0.4%)** പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും, **2,478 (1.3%)** പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 13,922 (7%) പേരുടേയും പ്രമേഹം മാത്രമുള്ള 10,859 (6%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 5,214 (3%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ് ഉപയോഗിച്ച് സർവേ നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.

- പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ള വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ജീവിതശൈലീ രോഗസാധ്യത കണ്ടെത്തിയ 27,65,089 പേരെ ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി സ്ക്രീൻ ചെയ്തതിലൂടെ പുതിയതായി 5,08,698 പേർക്ക് രക്താതിമർദ്ദവും 49,987 പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.
- വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയും പത്തനംതിട്ട ജില്ലയും മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും സർവ്വേ പൂർത്തിയാക്കി.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- വാർഷിക ആരോഗ്യ പരിശോധനയിൽ, 01/11/23 മുതൽ 30/11/2023 വരെ 1,82,279 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 7,728 (4%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി.
- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ച് ക്യാൻസർ ഗ്രിഡ് സംവിധാനം തയ്യാറായിട്ടുണ്ട്.
- ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ വഴി നവംബർ മാസത്തിൽ 236 വ്യക്തികളുടെ കൂടി പരിശോധന പൂർത്തിയായതോടെ, ഈ പോർട്ടൽ വഴി നടത്തുന്ന പരിശോധനകളുടെ എണ്ണം 38,198 ആയി.
- കോട്ടയം ജില്ലയിൽ "ക്യാൻ കോട്ടയം" എന്ന പേരിൽ ക്യാൻസർ നിർണയ ക്യാമ്പുകൾ നടന്നുവരുന്നു.

### 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

- എറണാകുളം ജില്ലയിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ച് കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. AMR പരിശോധന, കാൻസർ സ്ക്രീനിങ്, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ് മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.
- കൊല്ലം, കാസർഗോഡ് ജില്ലകളിൽ കൂടി ഹബ്ബ് ആൻഡ് സ്പോക്ക് സംവിധാനം ആരംഭിച്ചു.
- ഹബ്ബ് ലാബുകളുടെയും സ്പോക്കുകളുടെയും മാപ്പിംഗ് ജില്ലാ തലത്തിൽ പൂർത്തിയായി.
- ഹബ്ബ് & സ്പോക്ക് ലാബുകൾക്കായുള്ള ഗതാഗത മാതൃകകൾ ജില്ലാ ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നു.
- പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ്/റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് ഡെവലപ്മെന്റ്, ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാനുള്ള മാർഗരേഖ സർക്കാർ ഉത്തരവായി പുറത്തിറങ്ങിയിട്ടുണ്ട്.

### 5) വയോജന-സാന്ത്വന പരിചരണം

- പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി.
- സംസ്ഥാനത്ത് 1,110 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 322 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു.

- വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായുള്ള കണക്ക് പ്രകാരം 1/11/2023 മുതൽ 30/11/2023 വരെ 1,87,318 പേരുടെ സ്ക്രീനിംഗ് പൂർത്തിയായതിൽ, 1,264 കിടപ്പുരോഗികളും 1,844 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 46,152 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.
- കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) നുള്ള പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് ആരംഭിക്കുന്നത്.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- വൺ ഹെൽത്ത് പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചു.
- വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.
- പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായം ലഭ്യമായിട്ടുണ്ട്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു.
- ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് - വൺ ഹെൽത്ത് - ആർ.കെ.ഐ ഇനിഷ്യേറ്റീവ് എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.
- സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. പുറത്തിറക്കി. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗരേഖയാണ് പുറത്തിറക്കിയത്.
- സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. ജില്ലാ തലത്തിൽ District Programme Management & Support Unit (DPMSU)-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല നേടിയെടുത്തിട്ടുണ്ട്, വൺ ഹെൽത്ത് ജില്ലാ മെൻററർമാരെ നിയോഗിച്ചു. 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചു.
- കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് ആരംഭിച്ചു. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു. ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ “പാഠം ഒന്ന് ഒച്ച്” എന്ന ക്യാമ്പയിൻ നടത്തി.
- മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ എം ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ എം ആർ ലാബ് സംവിധാനം സ്ഥാപിച്ച് കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെൻറർ ഫോർ നിപ റിസർച്ച് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി, 2023 ഒക്ടോബറിൽ

സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തുടർച്ചയായ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

- ❖ വയനാട് ജില്ലയിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ COHEART സെന്ററുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ ആലോചനാ യോഗം നടത്തി.
- ❖ എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം AMR സ്മാർട്ട് അംഗീകാരം നേടി.
- ❖ നിലവിൽ വൺ ഹെൽത്ത് പദ്ധതി നടന്നു വരുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലായി 48 ജില്ലാ മെന്റർമാരെ നിയമിച്ചു, അവർക്ക് 4 ദിവസത്തെ ഇൻഡക്ഷൻ പരിശീലനം നൽകി.
- ❖ 15/11/2023 ന് നടന്ന കോർ കമ്മറ്റി യോഗത്തിൽ ജില്ലാ തലത്തിൽ വൺ ഹെൽത്ത് വോളണ്ടീയർമാർക്ക് വേണ്ടിയുള്ള 4 ബാച്ചുകളുടെ പരിശീലനം ആരംഭിച്ചു.
- ❖ 2024 ജനുവരി അവസാനത്തോടെ കമ്മ്യൂണിറ്റി ബേസ്ഡ് സർവൈലൻസ് സിസ്റ്റം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വോളണ്ടിയർമാരുടെ പരിശീലനം പൂർത്തിയാക്കാൻ കർമ്മ പദ്ധതി തയ്യാറാക്കി.

### 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.
- ❖ പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.
- ❖ കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.
- ❖ ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്റ്റർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.
- ❖ തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്യിട്ടില്ല. മന്ത്, മലേറിയ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സക്രീനിംഗ്, വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.
- ❖ പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എംഎഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022 ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021 ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 40 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 42 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 10 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ | 30 |
| നിർമ്മാണം പുരോഗമിക്കുന്നവ | 42 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ പരിശോധന നടന്നു വരുന്നു. 18 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം 2023" ഹെൽത്തി ലൈഫ് ക്യാമ്പയിൻ അടിമാലി, ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ഇതിനായി SHSRCയിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.

- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആരോഗ്യ വകുപ്പിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും മറ്റ് ഗവേഷകർക്കും വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.
- നിലവിൽ 3 ഗവേഷണ രൂപരേഖകൾ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ICMR) അംഗീകാരം നേടിയിട്ടുണ്ട്. നിലവിൽ പുറത്തു നിന്നുള്ള 4 ഗവേഷണങ്ങൾക്ക് SHSRC ഫണ്ട് ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി (KSACS) സഹകരിച്ച് 4 ഗവേഷണങ്ങളും നാഷണൽ ഹെൽത്ത് മിഷനുമായി (NHM) സഹകരിച്ച് ഒരു ഗവേഷണവും പൂർത്തിയാക്കി.
- SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവംബർ-ഡിസംബർ മാസത്തെ ജില്ലാ കളക്ടർമാറുടെ അവലോകന യോഗം ഇടുക്കി ജില്ലയിലും, കാസർഗോഡ് ജില്ലയിലും കൂടിയിട്ടുണ്ട്. യോഗങ്ങളിൽ 30 ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.
- നവംബർ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 34 തദ്ദേശ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. നവംബർ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 683 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 2995 യോഗങ്ങൾ നവംബർ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 289 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 1454 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 311 യോഗങ്ങളും, നീരുറവിനായി 363 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 57 ജില്ലാ തല യോഗങ്ങളും 189 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 1526 തദ്ദേശ സ്വയംഭരണ യോഗങ്ങളും 1254 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 6942 ജനപ്രതിനിധികളും 9813 ഉദ്യോഗസ്ഥരും, 54,466 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 71221 പേർ പങ്കെടുത്തിട്ടുണ്ട്.
- ഹരിത കേരളം മിഷൻ 143 പരിശീലനങ്ങൾ നവംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ 5952 പേർ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി നവംബർ മാസത്തിൽ 3880 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി നവംബർ മാസത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനോടൊപ്പം 11032 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി നവംബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

### നവകേരളം കർമപദ്ധതി ജില്ലാതല അവലോകനം

നവകേരളം കർമപദ്ധതി-2ന്റെ ജില്ലാതല അവലോകന യോഗങ്ങൾ സംസ്ഥാനത്ത് നടന്നു വരികയാണ്. പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ അവലോകന യോഗം ചേർന്നു. ഹരിതകേരളം മിഷൻ, ആർദ്രം, ലൈഫ്മിഷൻ, വിദ്യാകിരണം എന്നീ മിഷനുകളുടെ പ്രവർത്തനങ്ങളും നടന്നുവരുന്ന വിവിധ പദ്ധതികളുടെ പുരോഗതിയുമാണ് പ്രധാനമായും വിലയിരുത്തിയത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ കോർഡിനേറ്റർ തുടങ്ങി അതത് ജില്ലാ മിഷൻ ടീമംഗങ്ങളായ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരും നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും സംസ്ഥാന ടീം അംഗങ്ങളും അവലോകന യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

### പത്തനംതിട്ടയിൽ മിഷൻ പ്രവർത്തനങ്ങൾ അവലോകനം

നവകേരളം കർമപദ്ധതി പത്തനംതിട്ട ജില്ലാ അവലോകന യോഗം 2023 നവംബർ 22ന് നടന്നു. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ വിവിധ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ അഭിപ്രായപ്പെട്ടു. ലൈഫ് മിഷന് ഭൂമി ലഭ്യമാക്കാനായി മനസ്സോടിത്തിരി മണ്ണ് കാമ്പയിൻ ജില്ലയിൽ ശക്തമാക്കുമെന്ന് നവകേരളം കർമപദ്ധതി

സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ വ്യക്തമാക്കി. ജില്ലാ കളക്ടർ എ.ഷിബു, ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ, സംസ്ഥാന, ജില്ലാതല വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ കോർഡിനേറ്റർമാർ മിഷൻ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

**കൊല്ലം മിഷൻ പ്രവർത്തനങ്ങൾ അവലോകനം**

നവകേരളം കർമപദ്ധതി കൊല്ലം ജില്ലാ അവലോകന യോഗം 2023 നവംബർ 24ന് നടന്നു. ഹരിതകേരളം മിഷൻ, ആർദ്രം, വിദ്യാകിരണം, ലൈഫ് എന്നീ നാലുമിഷനുകളുടെയും പ്രവർത്തനങ്ങൾ ജില്ലയിൽ മികച്ച രീതിയിൽ നടക്കുന്നതായി യോഗം വിലയിരുത്തി. ജില്ലാ കളക്ടർ ദേവിദാസിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതിയുടെ സംസ്ഥാന ചുമതലക്കാരും വിവിധ മിഷനുകളുടെ സംസ്ഥാന ചുമതലക്കാരും നാലു മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാരും ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

മിഷൻ പ്രവർത്തനങ്ങൾ വിജയകരമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനും എല്ലാ ഉദ്യോഗസ്ഥരുടെയും സഹകരണം ഉറപ്പാക്കണമെന്നും മാസത്തിലൊരിക്കൽ ഇതിനായി പ്രത്യേക യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കണമെന്നും ലൈഫ് മിഷൻ മുഖേന വീടുകൾ നൽകിയ ഉപഭോക്താക്കളുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുകയും അവരുടെ ജീവനോപാധികളുടെ കാര്യങ്ങളിലു ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കണമെന്നും, ആരോഗ്യമേഖലയിൽ ആർദ്രം മിഷന്റെ ഇടപെടലുകൾ താഴെത്തട്ടിൽ ഉണ്ടാവണമെന്നും, വിദ്യാകിരണം മിഷനിലൂടെ വിദ്യാലയങ്ങളിലെ അക്കാദമിക്ക് മികവിലും മറ്റ് അടിസ്ഥാന വികസനത്തിനും ഊന്നൽ നൽകണമെന്നും ഡോ.ടി.എൻ സീമ പറഞ്ഞു.

എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാൻ സാധിക്കുകയുള്ളുവെന്നും യോഗം വിലയിരുത്തി. വിവിധ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ റിപ്പോർട്ട് അവതരിപ്പിച്ചു.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രതിമാസ പ്രവർത്തനങ്ങളുടെ സംഗ്രഹം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | | | | | | |
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറുടെ ജില്ലാ യോഗം | 2 | 0 | 0 | 0 | 2 | 0 | 30 | 0 | 30 | 0 | 0 | 0 | 0 | 0 | 0 |
| ജില്ലാ മിഷൻ യോഗം | 2 | 0 | 0 | 0 | 2 | 0 | 51 | 0 | 51 | 0 | 0 | 0 | 0 | 0 | 0 |
| തദ്ദേശ മിഷൻ യോഗം | 1 | 1 | 32 | 0 | 34 | 122 | 135 | 250 | 507 | 0 | 0 | 0 | 0 | 26 | 0 |
| മാലിന്യ സംസ്കരണം | 22 | 89 | 668 | 688 | 1454 | 3110 | 4431 | 39883 | 47424 | 22 | 2257 | 76 | 4094 | 1062 | 1685 |
| ഹരിത വിദ്യാലയം | 2 | 3 | 119 | 187 | 311 | 641 | 655 | 3976 | 5272 | 22 | 1819 | 9 | 713 | 293 | 1554 |
| ഹരിത ഓഫീസ് | 1 | 5 | 75 | 208 | 289 | 248 | 880 | 707 | 1835 | 17 | 256 | 4 | 120 | 1202 | 322 |
| ഹരിത ടൂറിസം | 6 | 4 | 20 | 8 | 34 | 195 | 219 | 1061 | 1475 | 0 | 0 | 0 | 0 | 30 | 94 |
| മാപത്തോൺ | 1 | 2 | 9 | 0 | 12 | 93 | 67 | 103 | 263 | 1 | 58 | 1 | 10 | 51 | 55 |
| ജല ബജറ്റ് | 2 | 12 | 92 | 69 | 175 | 379 | 535 | 275 | 1189 | 13 | 834 | 5 | 51 | 198 | 413 |
| നീരുറവ് | 7 | 59 | 306 | 2 | 363 | 1037 | 1751 | 1584 | 4372 | 33 | 1307 | 4 | 71 | 299 | 5025 |
| നെറ്റ് സീറോ കാർബൺ | 1 | 1 | 41 | 18 | 61 | 223 | 260 | 86 | 569 | 0 | 0 | 36 | 572 | 80 | 246 |
| നെറ്റ് സീറോ കാർബൺ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | 1 | 0 | 6 | 0 | 7 | 44 | 47 | 21 | 112 | 0 | 0 | 0 | 0 | 26 | 9 |
| കാർഷിക പ്രവർത്തനങ്ങൾ | 0 | 3 | 52 | 14 | 69 | 300 | 208 | 774 | 1282 | 1 | 30 | 0 | 1 | 189 | 286 |
| പച്ചത്തുരുത്ത് | 0 | 1 | 32 | 23 | 55 | 85 | 96 | 269 | 450 | 2 | 65 | 0 | 0 | 218 | 301 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 0 | 4 | 42 | 31 | 77 | 225 | 177 | 3471 | 3873 | 6 | 257 | 8 | 320 | 150 | 480 |
| തനതു പ്രവർത്തനം | 9 | 5 | 32 | 6 | 50 | 240 | 271 | 2006 | 2517 | 2 | 192 | 0 | 0 | 56 | 562 |
| ആകെ | 57 | 189 | 1526 | 1254 | 2995 | 6942 | 9813 | 54466 | 71221 | 119 | 7075 | 143 | 5952 | 3880 | 11032 |